**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# അത്തോളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

**കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം**

E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.10/1894/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.
ഇ-മെയിൽ dokkd.ksad.kerala.gov.in

Phone: 04952371012

തീയതി. 26.12.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അത്തോളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അത്തോളി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഒന്നിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.10/1894/2019 തീയതി. 26.12.2019.

**കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം

പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 18.10.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടില്ല. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.വാസുദേവൻ. എം.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.10.2019 മുതൽ 29.10.2019 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | |
| ശ്രീ. കെ.പി.ഹരി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. ധീരജ്.ജെ | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജിഷ സാമുവൽ | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുൾനസീർ. ടി.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. വിജേഷ് .ജെ | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.രവീന്ദ്രൻ | 01.04.2018മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.രാജീവൻ.എം. | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീ.ജിഷിത്ത്. ആർ<br>അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.06.18 മുതൽ 27.06.2018 വരെ |
| | ശ്രീ.എൻ.പ്രദീപൻ | 28.06.18 മുതൽ 31.03.2019 വരെ |

**(സി) നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജിഷിത്ത് .ആർ | 01.04.18 മുതൽ 31.03.19വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീജ.സി. | 01.04.18 മുതൽ 29.08.18 വരെ |
| | ശ്രീ.അബൂബക്കർ സിദ്ദീഖ് | 30.08.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, പിഎച്ച്സി | ഡോ.രോഷ്ണി.പി.ടി. | 01.4.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.അനിത.കെ.എം | 01.4.18 മുതൽ 31.03.19 വരെ |
| ആയുർവേദ മെഡിക്കൽഓഫീസർ | ഡോ.അഞ്ജന | 01.4.18 മുതൽ 31.03.19 വരെ |
| മെഡിക്കൽഓഫീസർ ഹോമിയോ | ഡോ.പ്രഭിത.വി.പി. | 01.4.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.അംബിക രാജൻ നമ്പ്യാർ | 01.4.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ | ശ്രീമതി.സുധ.എം.<br>ശ്രീമതി.ജയശ്രീ.ഒ | 01.4.18 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീ.ഷമ്മി മാത്യു | 01.4.18 മുതൽ 31.03.19 വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീ.വിജയൻ.എം.വി. | 01.4.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സജിത | 01.4.18 മുതൽ 31.03.19 വരെ |

**ഉള്ളടക്കം**


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭിച്ചതിന്റേയും, പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല | 1-10 |
| 11 | ലൈസൻസ് - അപാകതകൾ | 1-11 |
| 12 | വസ്തുനികുതി - കണക്കാക്കിയത് സംബന്ധിച്ച അപാകതകൾ | 1-12 |
| 13 | അനധികൃത കെട്ടിട നിർമ്മാണം - തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-13 |
| 14 | പഞ്ചായത്ത് അനുമതിയില്ലാതെ കെട്ടിട നിർമ്മാണം: നടപടികൾ സ്വീകരിച്ചില്ല. | 1-14 |
| 15 | സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുന്നു | 1-15 |

| | | |
|---|---|---|
| 16 | മൂന്ന വർഷം കഴിഞ്ഞിട്ടും കുടിവെള്ളപദ്ധതി പാതിവഴിയിൽ- പദ്ധതിയാസൂത്രണത്തിലും, നിർവ്വഹണത്തിലും അപാകത | 1-16 |
| 17 | കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവർത്തികൾ നടപ്പാക്കി | 1-17 |
| 18 | പൂക്കോട് പിലാത്തോട്ടത്തിൽ കുടിവെള്ള പദ്ധതി - പദ്ധതി നിർവ്വഹണത്തിൽ അപാകത | 1-18 |
| 19 | സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡിന്റെ നിർമ്മാണം | 1-19 |
| 20 | കന്നുകുട്ടി പരിപാലന പദ്ധതി - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്. | 1-20 |
| 21 | പി.എച്ച്.സി പാലിയേറ്റീവ് ഹോംകെയർ നഴ്സിന്റെ ഹോണറേറിയം, അനുബന്ധ ചെലവുകൾ സമയബന്ധിതമായി നൽകുന്നില്ല,പദ്ധതി നടത്തിപ്പിലെ മറ്റ് ന്യൂനതകൾ. | 1-21 |
| 22 | വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിൽ അപാകത. | 1-22 |
| 23 | ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ എൽ പി/യു പി വിദ്ധ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ പദ്ധതി- ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല. | 1-23 |
| 24 | എസ് .എസ് .എസ്. എ. വിഹിതം നൽകൽ- പദ്ധതി നടപ്പാക്കിയതിൽ ന്യൂനതകൾ. | 1-24 |
| 25 | പഞ്ചായത്ത് ഭരണ സമിതി നൽകിയ അന്തിമ ലിസ്റ്റിലെ ഗുണഭോക്താക്കൾ അതാത് ഗ്രാമസഭയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മിനുട്സ്സിസ് ഉൾപ്പെടാത്തത് സംബന്ധിച്ചും,ഗ്രാമസഭ മിനുട്സിൽ പേജുകൾ ഒഴിച്ചിട്ടതിനെ സംബന്ധിച്ചും. | 1-25 |
| 26 | പെൺകുട്ടികളുടെ വിവാഹധനസഹായം( എസ് .സി) -പദ്ധതി നടപ്പാക്കിയതിൽ അപാകത. | 1-26 |
| 27 | അനധികൃത ഹോസ്റ്റൽ കെട്ടിടത്തിന് സർക്കാർ ഉത്തരവ് 36/15 പ്രകാരം നികുതി ഈടാക്കിയില്ല. പഞ്ചായത്തിന് ലക്ഷങ്ങൾ നഷ്ടം | 1-27 |
| 28 | അനധികൃത ഹോസ്റ്റൽ കെട്ടിടത്തിന് സർക്കാർ ഉത്തരവ് 36/15 പ്രകാരം നികുതി ഈടാക്കിയില്ല, പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം | 2-1 |
| 29 | അയ്യപ്പൻകുഴി വരയാലൻകണ്ടി കുടിവെള്ള പദ്ധതി - ചെയ്യാത്ത പ്രവർത്തിയ്ക്കും തുക നൽകി | 3-1 |
| 30 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 33 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപം | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 11.2.19 ലെ 1/19 തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരം പ്രതീക്ഷിത വരവുചെലവ് താഴെ ചേർക്കും വിധമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 1,30,25,164 |
| വരവ് | 7,90,56,856 |
| ആകെ | 9,20,82,020 |
| ചെലവ് | 8,12,56,262 |
| നീക്കിയിരിപ്പ് | 1,08,25,758 |

## 1-2 വാർഷികധനകാര്യപത്രിക ലഭിച്ചതിന്റേയും, പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 06.05.2019 |

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 09.7.19, 10.7.19 | കെഎസ്.എ.കെ.കെ.ഡി ഇ2/887 /19(2) തീയതി 03.08.2019 |

മേൽ സാക്ഷ്യപത്രത്തിൽ വിവരിച്ചിരുന്ന അപാകതകളിൽ താഴെ ചേർക്കുന്നവയൊഴികെയുള്ളവ പരിഹരിച്ചിട്ടുണ്ട്.

- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആകയാൽ ആസ്തികളുടെ മൂല്യം, നിർമ്മിക്കപ്പെട്ടവ ആസ്തിയായി വരവു വച്ചോ എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല.
- സ്റ്റോക്കിന്റെ മൂല്യം കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
- ഡിപ്രീസിയേഷൻ നിരക്ക്, ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുർദൈർഘ്യം എന്നിവ നിശ്ചയിക്കാതെയാണ് ആസ്തികളുടെ തേയ്മാനമൂല്യം കണക്കാക്കിയിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,30,25,164 |
| വരവ് | 7,90,56,856 |
| ആകെ | 9,20,82,020 |
| ചെലവ് | 8,12,56,262 |

| | |
|---|---|
| നീക്കിയിരിപ്പ് | 1,08,25,758 |

# 1-4 ഫണ്ട് വിനിയോഗം

2018-19 വർഷത്തിൽ സർക്കാർ ബജറ്റ് പ്രകാരം പഞ്ചായത്തിന് ലഭിച്ച വിവിധ ഫണ്ടുകളുടെ വിവരവും, അവയുടെ വിനിയോഗ വിവരവും ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | -- | 1,56,66,000 | 1,56,66,000 | 1,56,66,000 | -- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | -- | 1,14,09,000 | 1,14,09,000 | 1,14,09,000 | -- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | -- | 1,09,000 | 1,09,000 | -- | 1,09,000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | -- | 1,08,17,000 | 1,08,17,000 | 1,05,72,731 | 2,44,269 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | -- | 32,30,000 | 32,30,000 | 30,69,829 | 1,60,171 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | -- | 72,71,000 | 72,71,000 | 62,00,680 | 10,70,320 |

# 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകൾ% |
|---|---|---|---|---|
| 273 | 180 | 75 | 18 | 66% |

ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 26.03.2018 ലെ 53063/2018 /DPC/DPO/KKD നമ്പർ ഉത്തരവ് പ്രകാരം അത്തോളി ഗ്രാമപഞ്ചായത്തിന്റെ 188 പദ്ധതികളടങ്ങുന്ന ആദ്യ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചു. 87സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തിയ വാർഷിക പദ്ധതിയ്ക്ക് 12.6.18 നു അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 78 പദ്ധതികൾ കാറ്റഗറി 1 ൽ പെട്ടവയും, 9 എണ്ണം കാറ്റഗറി 2 ൽ പെട്ടവയുമാണ്. 2018-19 വ്രഷം പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണിലെ കാലതാമസം മൂലം തൻവർഷം ലഭിക്കുമായിരുന്ന ഫണ്ടുകൾ നഷ്ടപ്പെടാനിടയായിട്ടുണ്ട്. (ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-15 കണ്ടാലും). വാർഷിക പദ്ധതി തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ/ഗൗരവം നൽകുന്നില്ലയെന്നതിന് ഉദാഹരണമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ അയ്യപ്പൻകുന്ന് വരയാലൻകണ്ടി കുടിവെള്ള പദ്ധതിയുടെ നിർവ്വഹണം (ഖണ്ഡിക 1-16 ശ്രദ്ധ ക്ഷണിക്കുന്നു). വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതും, നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,95,640 | 418 |
| കർഷകതൊഴിലാളി പെൻഷൻ | 61,53,900 | 526 |
| വിധവാപെൻഷൻ | 1,46,15,800 | 1194 |
| വാർദ്ധക്യകാലപെൻഷൻ | 2,68,16,400 | 2451 |
| വികലാംഗപെൻഷൻ | 41,59,800 | 345 |
| അവിവാഹിത പെൻഷൻ(50 വയസ്സിന് മുകളിൽ) | 12,34,800 | 108 |
| പെൺമക്കളുടെ വിവാഹ ധനസഹായം | 1,50,000 | 5 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേബുക്ക് പ്രകാരമുള്ള ആകെ 12203 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | വാർഡുകളുടെ എണ്ണം | 2011ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ. | ക്ലാർക്കുമാരുടെ എണ്ണം | സീനിയർ ക്ലാർക്കുമാരുടെ എണ്ണം |
|---|---|---|---|---|---|
| 1. | അത്തോളി | 17 | 24055 | 5 | 3 |

ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ ,കണ്ടിജന്റ് രജിസ്റ്റർ,വിവരാവകാശ രജിസ്റ്റർ തുടങ്ങിയവ പരിശോധിച്ചതിൽ മേൽ രജിസ്റ്ററുകൾ മേലുദ്യോഗസ്ഥർ പരിശോധിച്ച്

സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് .പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് ചേർന്നതായി കാണുന്നില്ല. 2018-19 വർഷം 6 സ്റ്റാഫ് മീറ്റിംഗ് ചേർന്നതിൽ പല മീറ്റിംഗുകളിലും ചർച്ച ചെയ്ത വിഷയങ്ങളും എടുത്ത തീരുമാനങ്ങളും മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മിക്ക സ്റ്റാഫ് മീറ്റിംഗുകളിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പങ്കെടുത്തിട്ടില്ല.മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണപരമായ ചെലവിലേക്ക് മുൻകൂറായി തനതുഫണ്ടിൽ നിന്ന് ചെലവഴിച്ച തുകയിൽ 31-03-2019 ന് 306325 രൂപ തിരിച്ച് പിടിക്കാനവശേഷിക്കുന്നുണ്ട്. ഓഡിറ്റ് തിയ്യതിയിലും 387091 രൂപ തിരിച്ച് പിടിക്കാനവശേഷിക്കുന്നുണ്ട്. തെരുവുവിളക്കുകളുടെ എണ്ണം തരം എന്നിവ കാണിക്കുന്ന രജിസ്റ്റർ 30-06-2017 വരെയുള്ളത് മാത്രമേ എഴുതി സൂക്ഷിച്ചിട്ടുള്ളൂ. പഞ്ചായത്തിൽ വെള്ളക്കരം ഈടാക്കുന്നത് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്താതെയാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വർഷം തിരിച്ചുള്ള നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. 31-03-2019 ന് 374999 രൂപ നീക്കിയിരിപ്പുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് 112941രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട്. ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിർണയിച്ച് നൽകിയിട്ടില്ല. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ട്രേഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നുണ്ട്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. സഞ്ചയ പ്രകാരം 2425 വാണിജ്യകെട്ടിടങ്ങൾ നിലവിലുണ്ട്. എന്നാൽ ട്രേഡേഴ് ലിസ്റ്റിൽ 777 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് പൂർണമല്ല എന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്. കൂടാതെ തൊഴിൽ നികുതിയുടെ കാര്യത്തിൽ ട്രേഡേഴ് ലിസ്റ്റിൽ ഉൾപെട്ട 543സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് നികുതി ഈടാക്കുന്നത്. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ക്യാൻസൽ ചെയ്ത രശീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്താത്ത കേസുകൾ കാണുന്നു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01.19 | ഡിസംബർ 2018 | PAU.BLY/PA12 /ATLY/01/19, Dt.12.2.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.03.2016 | 2011-12 to 2014-15 | 116440, Dt.27.05.2016 |

## 1-10 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി

## പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെട്ടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പ് വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടി ക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടി ക്രമങ്ങൾ കേരള പഞ്ചായത്ത്‌രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205 ബി, ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. (ക്രമ നമ്പർ ഒന്നു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നൽകേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും നിയമ പ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

a) പരിശോധനയ്ക്കായി ലഭ്യമാക്കിയ ട്രേഡേഴ്സ് പ്രൊഫഷൻടാക്സ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 543 സ്ഥാപനങ്ങളാണുള്ളത്. എന്നാൽ ഡി&ഒ ലൈസൻസ് നൽകിയിരിക്കുന്നത് 613 സ്ഥാപനങ്ങൾക്കാണ്. ഇതിൽ നിന്നും ലൈസൻസ് നൽകിയ എല്ലാ സ്ഥാപനങ്ങളിൽ നിന്നുപോലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമായി തയ്യാറാക്കിയിട്ടില്ല.ഡിമാന്റ് രജിസ്റ്ററിനേയും തുകയേയും സാധൂകരിക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണ്. ഇതിൽ സ്ഥാപനത്തിന്റെ പേരോ കെട്ടിട നമ്പറോ ഡി&ഒ ലൈസൻസ് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല കൂടാതെ തുക ഈടാക്കിയിരിക്കുന്നത് വരുമാനത്തിന് അനുസൃതമായാണോ എന്ന് വ്യകതമല്ല. ട്രേഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇക്കാരണത്താൽ ഡിമാന്റ് തുകയുടെ സാധുത പരിശോധിക്കാനായിട്ടില്ല.

b) 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി സ്ഥാപന ഉടമ സാക്ഷ്യപ്പെടുത്തി നൽകിയെങ്കിലും ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 26 | യുണൈറ്റഡ് വുഡ് ഇൻഡസ്ട്രീസ് | 5 |

| | | | |
|---|---|---|---|
| 2 | 31 | പവിത്ര ടൈൽസ് | 6 |
| 3 | 357 | ഹീറോ മോട്ടോർസ് | 5 |
| 4 | 430 | പ്രൊഫഷണൽ മോട്ടോർസ് | 6 |
| 5 | 498 | എം.എം.സി. കാന്റീൻ | 10 |
| 6 | 449 | ചിൽ ഔട്ട് ഫാസ്റ്റ് ഫുഡ് | 5 |
| 7 | 549 | സുസുക്കി ടൂവീലർ | 5 |

c) പഞ്ചായത്തിൽ 2018-19 ൽ ആകെ അനുവദിച്ച 613 ഡി & ഒ ലൈസൻസുകൾ 777 കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത് . ബാക്കിയുള്ള 1648 വാണിജ്യ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതാണ് എന്ന് വേണം കരുതേണ്ടത്. മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

d) കെട്ടിടം വാടകയ്ക്ക് നൽകി വാടക വരുമാനം വാങ്ങുന്ന കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | ഡി&ഒ ലെസൻസ് നം | വാടക എഗ്രിമെന്റ് പ്രകാരമുള്ള പ്രതിമാസ വാടക | സ്ഥാപനം |
|---|---|---|---|---|
| 1 | 9/391, 391A | 549 | 36000 | സുസുക്കി ടൂവീലർ |
| 2 | 5/326 CDEFG | 569 | 14285 | കൊടശ്ശേരി സ്റ്റീൽ&സിമന്റ് |
| 3 | 9/652 EB | 558 | 12000 | കിഡ്സ് പ്ളാനറ്റ് |
| 4 | 13/181 FGHTUV | 489 | 13000 | ഗാലക്സി ഗോൾഡ് |
| 5 | 14/178 AB | 437 | 13000 | ക്ലാസിക് സെറാമിക്സ് |

വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയോടൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-11 ലൈസൻസ് - അപാകതകൾ

പഞ്ചായത്തിൽ നാളിതുവരെ വാർഡ് അടിസ്ഥാനത്തിൽ സമഗ്രമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിൽ 31-03-2019 തീയതിയിൽ വേക്കൻസി റമിഷൻ നൽകിയ 6 കെട്ടിടങ്ങൾ ഒഴികെ 2419 വാണിജ്യ/വ്യവസായ കെട്ടിടങ്ങൾ ഉള്ളതായി ഓഡിറ്റ് എൻക്വയറി "1എ" യ്ക്കുള്ള മറുപടിയിൽ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. 2018-19 ൽ ആകെ അനുവദിച്ച 613 ഡി & ഒ ലൈസൻസുകൾ 777 കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത്. ഇതിൽ നിന്നും ബാക്കിയുള്ള 1642 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതാണ് എന്ന് വേണം കരുതേണ്ടത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപ്പര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്.

അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥൻ ഇതിന് നേതൃത്വം നൽകേണ്ടതും ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പുരോഗതി വിലയിരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ, ഫലപ്രാപ്തി എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-12 വസ്തുനികുതി - കണക്കാക്കിയത് സംബന്ധിച്ച അപാകതകൾ

പഞ്ചായത്തിൽ വസ്തുനികുതി കണക്കാക്കുന്നത് സംബന്ധിച്ച് ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1)<u>നികുതി നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം നികുതി നഷ്ടം</u>

ശ്രീ.അബ്ദുൾ നാസർ വടക്കയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള13/181 A മുതൽ V വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ ആകെ 582.66 ച.മീ വിസ്തീർണ്ണമുണ്ട്. നികുതി കണക്കാക്കുമ്പോൾ ഇതിന് 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടമായി കണക്കാക്കേണ്ടതിന് പകരം 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യ കെട്ടിടമായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കി. കൂടാതെ കെട്ടിടത്തിന് നികുതി കണക്കാക്കിയപ്പോൾ വിസ്തീർണ്ണം കുറച്ച് കാണിച്ചു. 582.66ച.മീറ്ററുള്ള കെട്ടിടത്തിന് 566.36 ച.മീറ്ററാണ് നികുതി കണക്കാക്കിയിരിക്കുന്നത്.

2) ഒരാളുടെ ഉടമസ്ഥതയിൽ ക്വോട്ടേഴ്സ് ഗണത്തിലും ഫ്ലാറ്റ് ഗണത്തിലും പെടുത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് താമസ ആവശ്യത്തിനുള്ള വീടിന്റെ നികുതി നിരക്കായ 4/- രൂപ നൽകുന്നു. വാടകയ്ക്ക് നൽകുന്നതായ കെട്ടിടങ്ങളെ ലോഡ്ജ്/ഹോംസ്റ്റെ ഗണത്തിൽ പെടുത്തി കൂടിയ നികുതി നിരക്ക് ഈടാക്കിയിട്ടില്ല. വിസ്തീർണ്ണാടിസ്ഥാനത്തിൽ കണക്കാക്കിയാൽ പഞ്ചായത്തിന് വലിയ നികുതി നഷ്ടം സംഭവിച്ചതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ | വിസ്തീർണ്ണം |
|---|---|---|---|
| 1 | 6/454 Aമുതൽ K വരെ | സബീർ.ബി.എം, ബിസ്മില്ല മൻസിൽ | 1172.15ച.മീ , എന്നാൽ ഈ കെട്ടിടത്തിന് 1143.89 ച.മീ ന് മാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത് |
| 2 | 1/447 Aമുതൽ R വരെ | റഷീദ്, കിഴക്കയിൽ | 2049.78 ച.മീ |

മേൽ ക്രമ നമ്പർ 1 പ്രകാരമുള്ള കെട്ടിട ഉടമയായ സബീർ.ബി.എം ന് അത്തോളി ഗ്രാമ പഞ്ചായത്തിൽ തന്നെ 5/445A, 6/422A, 9/483 എന്നീ റസിഡൻഷ്യൽ കെട്ടിടങ്ങളും നിലനിൽക്കുന്നു.

ഒരാളുടെ ഉടമസ്ഥതയിലുള്ള ഇത്തരം കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാനായി ഉപയോഗിക്കുന്നതിനാണ് എന്ന അനുമാനത്തിൽ ആയത് പരിശോധിച്ച് നികുതി നിരക്ക് പരിഷ്കരിച്ച് കെട്ടിട നികുതിയും വാടക ഈടാക്കുന്നതിനനുസരിച്ച് കെട്ടിട ഉടമയിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കേണ്ടതുമാതാണ്.

3) **കെട്ടിടങ്ങൾ ക്രമവൽക്കരണ ഫീ കുറച്ച് ഈടാക്കുന്നു**

പെർമിറ്റില്ലാതെ നിർമ്മിച്ച അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ കെട്ടിട നിർമാണ പെർമിറ്റ് ഫീയും അതിന്റെ രണ്ട് ഇരട്ടിയും ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീയുടെ ഇരട്ടി തുക മാത്രമാണ് ഈടാക്കുന്നത്.

## 1-13 അനധികൃത കെട്ടിട നിർമ്മാണം - തുടർ നടപടി സ്വീകരിക്കേണ്ടതാണ്

ഫയൽ നമ്പർ - ബി1-240/2015-2016/22.09.2016

പഞ്ചായത്തിലെ ആറാം വാർഡിലെ റി സർവ്വെ നമ്പർ 143/2 ൽ (അത്തോളി വില്ലേജ്, കൊയിലാണ്ടി താലൂക്ക് ) 11.75 സെന്റ് സ്ഥലത്ത് കെട്ടിട നിർമ്മാണ അനുമതി പറമ്പത്ത് സക്കീർ, റാബിയ എന്നവർക്ക് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ 527.86 ച.മീറ്റർ രണ്ട് നിലകളിലായി കെട്ടിടം പണി പൂർത്തിയാക്കുകയുമുണ്ടായി. സമർപ്പിച്ച പ്ലാൻ പ്രകാരം 484.74 ച.മീറ്റർ എന്നാണ് കാണുന്നത്. കംപ്ലീഷൻ പ്ലാനിൽ 527.86 ച.മീ.പ്രവൃത്തി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ അധിക പെർമിറ്റ് ഫീ ഈടാക്കി (ക്രമവല്ക്കരണ ഫീ അടക്കം) യാണ് അനുമതി നൽകിയത്. ഓരോ നിലയുടെയും വിസ്തീർണ്ണം താഴെ കൊടുത്ത പ്രകാരമാണ്.

ഗ്രൗണ്ട് ഫ്ലോർ - 245.18

ഫസ്റ്റ് ഫ്ലോർ - 282.68

ആകെ 527.86

എന്നാൽ സൈറ്റ് വെരിഫൈ ചെയ്തപ്പോൾ (28.10.2019 ന് ) ഈ കെട്ടിടം മൂന്ന് നിലയിൽ നിർമ്മിച്ചിട്ടുണ്ട് എന്ന് കണ്ടു. അപാകത താഴെ കൊടുക്കുന്നു.

1. ഒന്നാം നിലയുടെ വിസ്തീർണ്ണമായ 282.68 ച.മീറ്റർ തന്നെ രണ്ടാം നിലയിലും പണി ചെയ്തിട്ടുണ്ട്. നിലവിൽ ബെല്ല ഫർണിച്ചർ എന്ന സ്ഥാപനം പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിന്റെ രണ്ടാം നിലയിലും, ഒന്നാം നിലയിലും ഗ്രൗണ്ട് ഫ്ലോറിലും ഫർണിച്ചർ വെച്ചിരിക്കുകയാണ്.

കെട്ടിടം നിലനിൽക്കുന്ന സ്ഥലത്തിന്റെ പരമാവധി ഭാഗം കെട്ടിടത്തോട് കൂട്ടിയെടുത്തിട്ടുണ്ട്. കെട്ടിടത്തിന്റെ രണ്ടാം നിലയും, കൂട്ടിയെടുത്ത വടക്ക് തെക്ക് ഭാഗവും (കനാൽ ഭാഗം ) കണക്കിലെടുത്താൽ കെട്ടിടം കവറേജ് ഏരിയയ്ക്ക് പുറമെ പോകാനിടയുണ്ട്. ഇത് പരിശോധിച്ച് കെട്ടിടനിർമ്മാണം ക്രമവല്ക്കരിക്കുവാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.




2. 01.11.2018 ലെ തീരുമാനം -1 (അജണ്ട-7) പ്രകാരം കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 82 പ്രകാരം ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഈ കമ്മിറ്റി യോഗം ചേർന്ന അനധികൃത നിർമ്മാണത്തെക്കുറിച്ച് യാതൊരു നടപടിയും നിർദ്ദേശിച്ചില്ല. ഈ അനധികൃത നിർമ്മാണം ക്രമവല്ക്കരിയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 പഞ്ചായത്ത് അനുമതിയില്ലാതെ കെട്ടിട നിർമ്മാണം: നടപടികൾ സ്വീകരിച്ചില്ല.

അത്തോളി ഗ്രാമ പഞ്ചായത്തിൽ വാർഡ് ഒന്നിൽ മൊടക്കല്ലൂർ ദേശത്ത് മലബാർ മെഡിക്കൽ കോളേജ് ഉടമസ്ഥതയിലുള്ള സ്ഥലത്ത് 6.30x8.60 മീറ്റർ അളവിൽ കുഴിയെടുക്കുകയും 6.15x3.25x7 മീറ്റർ വലിപ്പത്തിലുള്ള ആർ.സി.സി. ബിൽഡിംഗും അതിനു മുകളിലായി 13 മീറ്റർ നീളത്തിലും 2.50 മീറ്റർ വീതിയിലുമുള്ള വഴിയും നിർമ്മിച്ചത് പെർമ്മിറ്റ് എടുക്കാതെയാണെന്നും ആയത് പൊളിച്ച് മാറ്റാൻ ആവശ്യപ്പെട്ടുകൊണ്ട് ഹോസ്പ്പിറ്റൽ അധികൃതർക്ക് 12/2/2019 ൽ A4/7797/18 കത്ത് നൽകുകയും അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് പരിശോധിക്കാനും അടിയന്തിരമായി റിപ്പോർട്ട് നൽകാനും എ.ഇ.യോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനു പകരം ജനകീയാസൂത്രണ പദ്ധതിയുടെ പൂർത്തീകരണ സമയത്ത് ഇത്തരത്തിലൊരടിയന്തിര പരിശോധന നടത്തിയാൽ പദ്ധതിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്ന് മറുപടി നൽകി എ.ഇ. ഒഴിഞ്ഞ് മാറുകയാണുണ്ടായത്. ഈ വിഷയത്തിൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുന്നു

അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക പദ്ധതിയ്ക്ക് 26.3.2018 ലെ 53063/2018/DPC/DPO/KKD പ്രകാരവും, സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തിയ വാർഷിക പദ്ധതിയ്ക്ക് 12.6.2018 ലെ ഇതേ നമ്പർ ഉത്തരവു പ്രകാരം പുതുക്കിയ അംഗീകാരവും ലഭിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിൽ സ്പിൽഓവർ പദ്ധതികളായി ഉൾപ്പെടുത്തിയ 87 എണ്ണത്തിൽ 78 എണ്ണത്തിനും അധികവിഹിതം ലഭിക്കാൻ സാധ്യതയുള്ളവയാണ് (കാറ്റഗറി 1). തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ 180 പദ്ധതികളിൽ 72 എണ്ണം സ്പിൽഓവർ പദ്ധതികളാണ്. വർഷാവസാനം 124 പദ്ധതികളിൽ ചെലവു നടന്നതിൽ 68 സ്പിൽഓവർ പദ്ധതികളുമുണ്ട്. തൻവർഷത്തെ പുതിയ 108 പദ്ധതികളിൽ 52 എണ്ണത്തിന് ചെലവില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്ത പദ്ധതികളുടെ വിശദാംശം താഴെ ചേർക്കും പ്രകാരമാണ്.

| പ്രോജക്ട് | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| പുതിയവ - 108എണ്ണം | 2,72,50,623 | 1,37,54,277 | 50.47% |
| സ്പിൽഓവർ 72 എണ്ണം | 1,46,32,900 | 1,23,27,193 | 84.24% |
| ആകെ | 4,18,83,523 | 2,60,81,470 | 62.27% |

മേൽ വിവരിച്ച പ്രകാരം എ.ഇ. നിർവ്വഹണോദ്യോഗസ്ഥനായി ചെലവഴിച്ച ആകെ 2,60,81,470/- രൂപയിൽ 47.2% ഉം ചെലവഴിച്ചത് സ്പിൽഓവർ പദ്ധതികൾക്കാണെന്ന് കാണാം. തൻവർഷം വിഭാവനം ചെയ്ത പദ്ധതികളിൽ 50% മാത്രമേ ചെലവു നടന്നിട്ടുള്ളൂ. സ്പിൽഓവർ പദ്ധതികൾക്ക് പ്രാധാന്യം നൽകി ഫണ്ട് ചെലവഴിച്ചതിനാൽ വർഷാവസാനം പൂർത്തീകരിച്ച പല പദ്ധതികൾക്കും ഫണ്ടു തികയാത്ത അവസ്ഥയുണ്ടായി. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിച്ച കണക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | പ്രോജക്ടുകളുടെ എണ്ണം | തുക |
|---|---|---|
| വികസനഫണ്ട് ജനറൽ | 5 | 4,41,754/- |
| വികസനഫണ്ട് എസ്.സി.പി | 4 | 10,53,445/- |
| സംരക്ഷണഗ്രാന്റ് റോഡ് | 8 | 17,69,695/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1 | 2,00,000/- |
| ആകെ | 18 | 34,64,894/- |

കൂടാതെ 2018-19 വർഷാവസാനം അഞ്ചു പ്രവൃത്തികളുടെ ബിൽ തുക 6,84,440/- രൂപ ക്യൂ ബില്ലാവുകയും, തുടർവർഷത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ പദ്ധതികൾക്കായി തുക ചെലവഴിച്ചതിന്റെ (പ്രവർത്തികളുടെ എണ്ണം കണക്കിലെടുത്ത്) വിവരങ്ങൾ ബിൽ ബുക്ക് അടിസ്ഥാനപ്പെടുത്തി കണക്കാക്കിയാൽ ആദ്യ അർദ്ധവർഷത്തിൽ ആകെ പ്രവർത്തികളിൽ 28% പ്രവൃത്തികളുടെ പൂർത്തീകരണം മാത്രമേ നടന്നിട്ടുള്ളൂവെന്ന് കാണാം. (ആകെ 124 ബില്ലുകളാണ് തൻവർഷ ബിൽബുക്ക് പ്രകാരം മാറിയിട്ടുള്ളത്. ഓരോ ബില്ലും വ്യത്യസ്ത പ്രവർത്തിയുടേതാണെന്ന നിഗമനത്തിലാണ് ഈ കണക്ക് തയ്യാറാക്കിയത്).

| | |
|---|---|
| ജ്ജൂൺ 2018 വരെ | 16 |
| സെപ്റ്റംബർ 2018 വരെ | 19 |
| ഡിസംബർ 2018 വരെ | 18 |
| മാർച്ച് 2019 വരെ | 89 |

മേൽ കണക്കിൽ നിന്നും, അവസാന പാദവർഷത്തിലാണ് തിരക്കിട്ട പദ്ധതിനിർവ്വഹണം നടന്നിരിക്കുന്നതെന്ന് വ്യക്തമാണ്. സ്പിൽഓവർ പദ്ധതികളിൽ മിക്കവയുടേയും ചെലവ് നടന്നിരിക്കുന്നത് ഈ സമയത്താണ്. പദ്ധതികളുടെ സമയ ബന്ധിതമായ നിർവ്വഹണത്തിലെ അനാസ്ഥയാണ് ഇതിലൂടെ വെളിവാകുന്നത്. ഇതുമൂലം പൂർത്തീകരിച്ച പദ്ധതികൾക്കും തുക നൽകാനില്ലാത്ത അവസ്ഥയുണ്ടായി.

സ.ഉ.(അ) നം.119/2016/ധന തീയതി 21/03/2015 പ്രകാരം 2015-16 വർഷം മുതൽ പുതിയ ഫണ്ടിംഗ് രീതി നിലവിൽ വരികയും, ഇത് പ്രകാരം സാമ്പത്തിക വർഷം മാർച്ച് 31 നകം ചെലവഴിക്കാൻ കഴിയാത്ത പ്ലാൻഫണ്ട് തുകകൾ തിരിച്ച് സഞ്ചിത നിധിയിലേയ്ക്ക് എടുക്കപ്പെടുകയും, ഈ തുക മുൻവർഷത്തെ സ്പിൽഓവർ പദ്ധതികൾക്കായി തൊട്ടടുത്ത വർഷത്തെ ഫണ്ട് അലോട്ട്മെന്റിനൊപ്പം അനുവദിക്കുമെന്നും വിവരിക്കുന്നു. സ്പിൽഓവർ പദ്ധതികളുടെ ചെലവ് തൊട്ടടുത്തവർഷം മാർച്ച് 31 വരെ നടത്താമെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവ് നമ്പർ 11/2018 /ത.സ്വ.ഭ.വ., തിയ്യതി:29.01.2018 ലെ ഖണ്ഡിക 10 ൽ സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കേണ്ടതിന്റെ വിവരങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കാവുന്നതാണെന്നും, നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രോജക്ടുകളിൽ ഭേദഗതിയില്ലാത്തവ തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാന പ്രകാരം ഏപ്രിൽ ഒന്ന് മുതൽ തുടർന്ന് നടപ്പാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇവയുടെ നിർവ്വഹണം തുടരുന്നതിന് വെറ്റിംഗ് ഓഫീസറുടേയോ, ജില്ലാ ആസൂത്രണ സമിതിയുടേയോ അംഗീകാരം ആവശ്യമില്ലയെന്നും വ്യക്തമായി വിവരിക്കുന്നു. പദ്ധതിയുടെ പ്രവർത്തനത്തിലോ, അടങ്കൽ തുകയിലോ ഭേദഗതി ആവശ്യമായവയ്ക്ക് വെറ്റിംഗ് ഓഫീസറുടേയും, ജില്ലാ ആസൂത്രണ സമിതിയുടേയും അംഗീകാരം വേണമെന്നും, ഇത്തരത്തിൽ ഭേദഗതി ചെയ്യുന്ന സ്പിൽഓവർ പദ്ധതികൾക്ക് ക്യാരി ഓവർ വിഹിതം ലഭിക്കില്ലെന്നും, ഇതിനു വേണ്ടുന്ന തുക തൻവർഷ വാർഷിക പദ്ധതിയ്ക്ക് ലഭ്യമായ വിഹിതത്തിൽ നിന്ന് കണ്ടെത്തേണ്ടതാണെന്നും ഈ ഉത്തരവിൽ തന്നെ വിവരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ തൻവർഷ വാർഷിക പദ്ധതിയിൽ സ്പിൽഓവർ പദ്ധതികളായി ഉൾപ്പെടുത്തിയ 87 എണ്ണത്തിൽ 78 നും അധികവിഹിതം ലഭിക്കാൻ സാധ്യതയുള്ളവയാണ്(കാറ്റഗറി 1). ഇതിൽ 72 എണ്ണവും പൊതുമരാമത്ത് പ്രവർത്തികളായിരുന്നു. 100% വികസനഫണ്ട് വിനിയോഗിച്ച്, സ്പിൽഓവർ പദ്ധതികൾക്കുള്ള അധികവിഹിതം ആവശ്യപ്പെട്ട പല സ്ഥാപനങ്ങൾക്കും മുൻവർഷങ്ങളിൽ സർക്കാർ തുക അനുവദിച്ചിട്ടുണ്ട് (സ.ഉ.(സാധാ) നം. 3088/2018/ധന., തീയതി, 31.03.2018). പൊതുമരാമത്ത് പദ്ധതികളുടെ ആകെ ചെലവിന്റെ പകുതിയോളവും സ്പിൽഓവർ പദ്ധതികൾക്കായി ചെലവഴിച്ച സാഹചര്യത്തിലും, സർക്കാരിൽ നിന്നും അധികവിഹിതം ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമപഞ്ചായത്ത് എടുത്തതായി കാണുന്നില്ല. തൻവർഷ വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കേണ്ട തുകയാണ് ഇത്തരത്തിൽ നഷ്ടപ്പെടുന്നത്.

പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണങ്ങളും,

ലഭ്യമാകുമായിരുന്ന അധിക ഫണ്ട് ലഭ്യമാക്കാൻ എടുത്ത നടപടികളും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മുകളിൽ വിവരിച്ചതിൽ നിന്നും പ്രവർത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കുമാണ് ഈയവസ്ഥയ്ക്ക് പ്രധാന കാരണമെന്ന് വ്യക്തമാണ്. തൻവർഷത്തിൽ ലഭിക്കാൻ സാധ്യതയുള്ള ആകെ പദ്ധതി തുകയ്ക്ക് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ(സ്പിൽ ഓവർ ഉൾപ്പെടെ), അതെല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്.

## 1-16 മൂന്നു വർഷം കഴിഞ്ഞിട്ടും കുടിവെള്ളപദ്ധതി പാതിവഴിയിൽ- പദ്ധതിയാസൂത്രണത്തിലും, നിർവ്വഹണത്തിലും അപാകത

പ്രോജക്ടിന്റെ പേര് :- അയ്യപ്പൻകുഴി വരയാലൻകണ്ടി കുടിവെള്ള പദ്ധതി

പ്രോജക്ട് നമ്പർ:- 332/19

അടങ്കൽ :- 7,73,000/- വികസനഫണ്ട് എസ്.സി.പി

ചെലവ്:- 7,22,745/- (ബിൽ നമ്പർ 43/18-19/27.12.18)

2016-17 വർഷത്തിൽ 14,00,000/- രൂപ വികസനഫണ്ട് ജനറൽ അടങ്കലോടെ (കോസ്റ്റ് ഇൻഡക്സ് നിരക്ക് 38.1%, ടി.എസ്. നം.91005/16-17) വിഭാവനം ചെയ്ത കുടിവെള്ള പ്രവർത്തിയാണിത്. കുടിവെള്ളത്തിനുള്ള കിണർ, പമ്പ് ഹൌസ്, ടാങ്ക് എന്നിവയുടെ നിർമ്മാണങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. ടെണ്ടർ നടപടികളിലെ കാലതാമസം കാരണം പദ്ധതി 2017-18 വർഷത്തേയ്ക്ക് സ്പിൽഓവർ ആയി(പ്രോ.നം.224/18). ഈ പദ്ധതിയുടെ വിവിധ നിർവ്വഹണഘട്ടങ്ങൾ താഴെ ചേർക്കും പ്രകാരമാണ്.

- ഫയലിൽ ലഭ്യമായ ടെണ്ടർ വിവരങ്ങൾ പ്രകാരം ഇ-ടെണ്ടറാണ് നടത്തിയിരിക്കുന്നത്. റീ-ഇ-ടെണ്ടറിൽ (ബിഡ് ഓപ്പനിംഗ് തിയ്യതി:29.4.17) 1.99% കുറവ് നിരക്കിൽ ലഭിച്ച ശ്രീ.പെരവക്കുട്ടിയുടെ സിംഗിൾ ടെണ്ടർ അംഗീകരിക്കുകയായിരുന്നു. ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.
- മെഷർമെന്റ് ബുക്ക് നമ്പർ 47/15-16 ലെ പേജ് 1 മുതൽ 8 വരെയുള്ളവ പ്രകാരം 2017 മെയ്, ജൂൺ മാസങ്ങളിൽ കിണർ നിർമ്മാണത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. 1 മീറ്റർ 80 സെന്റിമീറ്റർ ആഴത്തിൽ മണ്ണ് കുഴിച്ച് (ഇനിഷ്യൽ ലെവലും, ഫസ്റ്റ് ഡെപ്ത് ലെവലിൽ 30 സെ.മീറ്ററും) അതേ ഉയരത്തിൽ കെർബിന്റെയും, സ്റ്റീനിംഗിന്റേയും കോൺക്രീറ്റ് (ആർ.സി.സി.) നടന്നു. അളവ് വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവർത്തി | അളവ് |
|---|---|
| കെർബ് പേജ് 6 | $3.14 \times (5.36^2 - 4.51^{2)})/4 \times (0.6+0.9)/2 = 4.94\ m^3$ |
| സ്റ്റീനിംഗ് പേജ് 8 | $3.14 \times (5.18^2 - 4.68^2)/4 \times 1.8 = 6.97\ m^3$ |

- തുടർന്ന് 2018 ജനവരി മുതൽ ഏപ്രിൽ വരെയുള്ള മാസത്തിൽ ടാങ്കിന്റെ പ്രവർത്തി നടന്നതായി രേഖപ്പെടുത്തിട്ടുണ്ട്(എം.ബുക്ക് പേജ് 9 മുതൽ 18 വരെ).
- പേജ് 18 മുതൽ വീണ്ടും കിണർ പ്രവർത്തികളുടെ അളവുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു പ്രകാരം ഫസ്റ്റ് ഡെപ്ത് ലെവലിൽ 1.2 മീറ്റർ ആഴത്തിലും, സെക്കന്റ് ഡെപ്ത് ലെവലിൽ 1.5മീറ്റർ ആഴത്തിലും മണ്ണ് നീക്കം ചെയ്യുകയും, ഇതേ ഉയരത്തിൽ/ആഴത്തിൽ സ്റ്റീനിംഗിന്റെ കോൺക്രീറ്റ് പ്രവർത്തിയും നടത്തി. ഈ പ്രവർത്തികളുടെ അളവുകൾ എടുത്തിരിക്കുന്നത് 6.4.18, 12.4.18, 7.5.18 എന്നീ തിയ്യതികളിലാണ്. (എം.ബുക്ക് പേജ് 18 മുതൽ 23 വരെ).
- ഇതിനെ തുടർന്ന് 27.7.18 ന് ടാങ്കിന്റെ പ്ലാസ്റ്ററിംഗ് പ്രവർത്തി രേഖപ്പെടുത്തി.
- 30.7.2018 ന് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എ.ഇ./എൽ.എസ്.ജി.ഡി./എ.പി./ജനറൽ 2018 നമ്പർ കത്തിലൂടെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സെക്രട്ടറിയെ അറിയിക്കുകയുണ്ടായി. ഇതു പ്രകാരം ജൂലായ് 27 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും, എന്നാൽ ഈ പദ്ധതി 2018-19 വർഷത്തിൽ സ്പിൽഓവർ ആയി തുടർന്നിട്ടില്ലാത്തതിനാൽ, ബിൽ തുക നൽകാനായി പുതിയ പദ്ധതിയായി തുക വകയിരുത്തണമെന്ന് ഇതിൽ ആവശ്യപ്പെട്ടിരിക്കുന്നു. ബിൽ തയ്യാറാക്കിയിട്ടുണ്ടെന്നും, ഏഴ മീറ്റർ ആഴത്തിൽ കുഴിക്കേണ്ടിയിരുന്ന കിണർ പാറ കണ്ടതിനാൽ മൂന്നര മീറ്റർ ആഴത്തിൽ നിർത്തിയെന്നും, സ്പിൽഓവർ പദ്ധതിയായി തുടരാത്തതിനാൽ പമ്പ് ഹൗസ്, കിണറിന്റെ പ്ലാറ്റ്ഫോം, ടാങ്കിന്റെ ഗ്രിൽ വർക്ക്, ടൈൽ വർക്ക് എന്നിവ ഒഴിവാക്കിയാണ് ബിൽ തയ്യാറാക്കിയതെന്നും ഇതിൽ വിശദീകരിക്കുന്നു.
- തുടർന്ന് 29.9.2018 ലെ 1/11 നമ്പർ ഭരണസമിതി തീരുമാന പ്രകാരം പൂർത്തീകരിച്ച പ്രവർത്തികൾക്ക് തുക നൽകുന്നതിനായി പുതിയ പ്രോജക്ട് തയ്യാറാക്കാൻ തീരുമാനിക്കുകയും, ഇതു പ്രകാരം മേൽ പറഞ്ഞ പദ്ധതി തയ്യാറാക്കി തുക കരാറുകാരന് നൽകി.
- തുക നൽകുന്നതിലേയ്ക്കായി പൂർത്തീകരിച്ച പ്രവർത്തികളും, അധികമായി ചെയ്യേണ്ടി വന്ന ഒരിനവും ചേർത്ത് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും, 23.11.18 ന് അസിസ്റ്റന്റ് എഞ്ചിനീയർ ഫസ്റ്റ് പാർട്ട് ബിൽ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചു. ഇത് 13.12.2018 ന് അസി.എക്സി.എഞ്ചിനീയർ അംഗീകരിച്ചു.
- 2019-20 വർഷത്തിൽ ഈ പദ്ധതിയുടെ പമ്പ് ഹൌസ്, പൈപ്പ് ലൈൻ, ടാങ്ക് സംരക്ഷണം എന്നിവയ്ക്കായി 15,00,000/- രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പദ്ധതിയുടെ ആവശ്യകത നിർണ്ണയിച്ചിട്ടില്ല :- 04.06.2016 ലെ കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലാണ് ഈ പദ്ധതി രൂപീകരിക്കുന്നതിനെ സംബന്ധിച്ച ചർച്ച നടന്നിരിക്കുന്നത്. എന്നാൽ പദ്ധതിയുടെ ആവശ്യകത സംബന്ധിച്ചുള്ള തീരുമാനങ്ങൾ, അതായത് ഏതൊക്കെ പ്രദേശങ്ങളിലാണ് കുടിവെള്ള ക്ഷാമം രൂക്ഷമായത്, ഈ പ്രദേശങ്ങളിൽ ഏതൊക്കെ പ്രദേശത്തിന് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും, എത്ര ഗുണഭോക്താക്കൾക്ക് ഇതു പ്രയോജനപ്പെടും എന്നീ വിശദാംശങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് ചർച്ചകളിലോ, പിന്നീട് പ്രോജക്ട് തയ്യാറാക്കിയപ്പോഴോ നടന്നതായി കാണുന്നില്ല.
2. പദ്ധതിക്കായി ലഭ്യമായ സ്ഥലം അനുയോജ്യമാണോയെന്ന പരിശോധന നടത്തിയിട്ടില്ല :- ഈ കുടിവെള്ള പദ്ധതിയ്ക്കായി കിണർ നിർമ്മിക്കാൻ തെരെഞ്ഞെടുത്ത സ്ഥലത്ത് വെള്ളത്തിന്റെ ലഭ്യത സംബന്ധിച്ച് ഭൂജല വകുപ്പിന്റെ പരിശോധന നടത്തിയതിന്റെ വിശദാംശം ലഭ്യമല്ല.

മുകളിൽ വിവരിച്ച പ്രകാരം ഏഴ മീറ്റർ ആഴത്തിൽ കിണർ നിർമ്മാണം വിഭാവനം ചെയ്യെങ്കിലും മൂന്നര മീറ്ററിൽ പാറ കണ്ടതിനാൽ തുടർന്ന് കുഴിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായത് കൃത്യമായ പരിശോധനയുടെ അഭാവത്തിലാണ്.

3. കരാർ ചമച്ചതിലെ അവ്യക്തത :- റീ-ഇ-ടെണ്ടറിൽ കരാറുകാരനായ ശ്രീ. പെരവക്കുട്ടി പങ്കെടുത്തതിന്റെ ബിഡ് സബ്മിഷൻ കൺഫർമേഷൻ പ്രകാരം (ഫയലിൽ ലഭ്യമായത്), ബിഡ് തുറക്കുന്ന തിയ്യതിയും, സമയവും യഥാക്രമം 29.4.2017, 11AM എന്നിങ്ങനെയാണ്. എന്നാൽ കരാറുകാരനുമായി കരാർ ചമച്ചിരിക്കുന്നത് 27.4.2017 നാണ്. ബിഡ് ഒപ്പനിംഗിനു മുമ്പേ കരാർ ചമയ്ക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

4. വിഭവ സ്രോതസ്സ് മാറ്റിയപ്പോൾ പാലിക്കേണ്ട നടപടികൾ ചെയ്തില്ല :- 2018-19 വ്രഷത്തിൽ പുതിയ പദ്ധതിയായി രൂപീകരിച്ചപ്പോൾ വിഭവ സ്രോതസ്സായി കണ്ടെത്തിയത് വികസനഫണ്ട് എസ്.സി.പി.യാണ്. 20.1.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ത.സ്വ.ഭ.വ., ഖണ്ഡിക 6.1പ്രകാരം കുടിവെള്ളം പോലുള്ള പൊതു സൌകര്യ പ്രോജക്റ്റുകളുടെ ആകെ ഗുണഭോക്താക്കളിൽ 50% പട്ടികജാതി വിഭാഗക്കാരായിൽ മാത്രമേ പട്ടികജാതി പദ്ധതി വിഹിതത്തിൽ നിന്നും തുക വകയിരുത്താവൂ. ഈ വിഭാഗക്കാർ 25% ഉണ്ടെങ്കിൽ ആനുപാതികമായി വിഹിതം വകയിരുത്താമെന്നും, അല്ലാത്ത പക്ഷം മുഴുവൻ തുകയും പൊതുവിഭാഗം/തനതുഫണ്ട് വകയിരുത്തണമെന്നും ഇതിൽ നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് സാമൂഹ്യ ഭൂപടം തയ്യാറാക്കേണ്ടതും, ആയത് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഈ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

5. വാർഷിക പദ്ധതി തയ്യാറാക്കിയതിൽ ഗുരുതര വീഴ്ച :- 2017-18 വ്രഷത്തിൽ ഭാഗികമായി പ്രവർത്തി നടന്ന് കാരറുകാരന് തുക നൽകാനുണ്ടായിരുന്നിട്ടും, 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ ഈ പ്രോജക്റ്റ് സ്പിൽ ഓവർ ആയി ഉൾപ്പെട്ടില്ല. പൂർത്തീകരിക്കാത്ത പദ്ധതികളെ സംബന്ധിച്ച് എഞ്ചിനീയറിംഗ് വിഭാഗം ശരിയായ വിവരങ്ങൾ കൈമാറാതിരുന്നതാണ് ഇതിന് കാരണമായിട്ടുണ്ടാകുക. എന്നിരുന്നാലും വാർഷിക പദ്ധതി രൂപീകരണത്തിൽ പങ്കാളിയാകുന്ന വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണസമിതി, മറ്റു പഞ്ചായത്ത് ജീവനക്കാർ എന്നിവരുടേയും ശ്രദ്ധ ഇക്കാര്യത്തിലുണ്ടായില്ല. ഇക്കാര്യം സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രദ്ധയിൽ പെടുത്തിയപ്പോഴാണ് പുതിയ പദ്ധതിയായി ഉൾപ്പെടുത്തി തുക കൈമാറുന്നത്. പദ്ധതി രൂപീകരണത്തിനും, നിർവ്വഹണത്തിനുമായി സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ ലംഘനമാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്.

6. എസ്റ്റിമേറ്റ്/എസ്റ്റിമേറ്റ് റിപ്പോർട്ട് തെറ്റായി തയ്യാറാക്കി :- ഓഡിറ്റിന്റെ ഭാഗമായി 29.10.2019 ന് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടേയും, എൽ.എസ്.ജി.ഡി. ഓവർസിയറുടേയും സാന്നിദ്ധ്യത്തിൽ പ്രവർത്തി സ്ഥലം പരിശോധിച്ചതിൽ, കുടിവെള്ള കിണർ നിലവിൽ അവിടെയുണ്ടായിരുന്ന ഒരു കുളത്തിലാണ് നിർമ്മിച്ചിരിക്കുന്നതെന്ന് കണ്ടു. എന്നാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കിണർ നിർമ്മാണം നിലവിലുള്ള കുളത്തിലാണെന്ന് വിവരിച്ചിട്ടില്ല. എസ്റ്റിമേറ്റിനൊപ്പം നിർമ്മാണങ്ങളുടെ ഡ്രോയിംഗുകൾ ലഭ്യമല്ല.

7. അനിവാര്യ ചുമതല നിറവേറ്റുന്നതിൽ വീഴ്ച :- പദ്ധതിയുടെ നിർമ്മാണ പ്രവർത്തിയ്ക്കായി ദാനാധാരമായി ലഭിച്ച സ്ഥലം കുളമാണെന്നിരിക്കെ പ്രസ്തുത കുളം നവീകരിച്ച്, സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിനു പകരം കിണർ നിർമ്മാണം നടത്തിയതിന്റെ കാരണം വ്യക്തമല്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക 3 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ് കുളങ്ങളുടേയും, മറ്റു ജലസംഭരണികളുടേയും സംരക്ഷണം. എന്നാൽ

ഇവിടെ കിണർ നിർമ്മാണത്തിന്റെ ഭാഗമായുള്ള മണ്ണ് നിക്ഷേപിച്ച് നിലവിലെ കുളത്തിന്റെ ആഴം കുറയുകയാണുണ്ടായത്. കുളം സംരക്ഷിച്ച് നവീകരിച്ചിരുന്നെങ്കിൽ കൂടുതൽ ജല ലഭ്യത ഉറപ്പ് വരുത്താമായിരുന്നു.

8. പദ്ധതി പൂർണ്ണമായി തയ്യാറാക്കിയില്ല :- ഈ പദ്ധതിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കിണർ, പമ്പ് ഹൌസ്, ടാങ്ക് എന്നിവയുടെ നിർമ്മാണം മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. ഗുണഭോക്താക്കൾക്കുള്ള വിതരണപൈപ്പ് ലൈൻ, മോട്ടോർ, മറ്റ് ഇലക്ട്രിക്കൽ പ്രവർത്തികൾ എന്നിവയുടെ ആവശ്യം പദ്ധതിയിൽ ഉൾപ്പെടുത്തിയില്ല. ബാക്കിയുള്ള പ്രവർത്തിയ്ക്ക് തുടർവർഷം പുതിയ പദ്ധതി തയ്യാറാക്കുകയാണ് ചെയ്തിരിക്കുന്നത്.

9. ചെയ്യാത്ത പ്രവർത്തിയുടെ അളവ് ഉൾപ്പെടുത്തി :- നിർമ്മാണ സ്ഥലം ഓഡിറ്റ് ടീം നേരിൽ പരിശോധിച്ചപ്പോൾ, നിലവിലുള്ള ഒരു കുളത്തിലാണ് കിണർ നിർമ്മിച്ചതെന്ന് കണ്ടു. കുളത്തിൽ ഏകദേശം ഒരു മീറ്റർ ആഴത്തിൽ വെള്ളമുണ്ട്. കിണറിന്റെ സ്റ്റീനിംഗ് കുളത്തിലെ വെള്ളത്തിന്റെ നിരപ്പിൽ നിന്നും ഏകദേശം ഒന്നര മീറ്റർ ഉയരത്തിൽ കാണാം.(ഫോട്ടോ കാണുക)



ഇതിൽ നിന്നും കുളത്തിന്റെ അടിത്തട്ടിൽ നിന്നാണ് കിണർ കുഴിച്ചതെന്ന് വ്യക്തമാണ്. മുകളിൽ വിവരിച്ച രീതിയിൽ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 1.8 മീറ്റർ ആഴത്തിൽ മണ്ണെടുത്ത്, കിണറിന് സ്റ്റീനിംഗ് നിർമ്മിച്ചു. പിന്നീട് 2.7 മീറ്റർ ഉയരത്തിൽ/ആഴത്തിൽ സ്റ്റീനിംഗ് പ്രവർത്തി നടന്നത് കുളത്തിന്റെ അടിത്തട്ടിൽ നിന്നും മുകളിലേയ്ക്കാണ്. ഈ സാഹചര്യത്തിൽ ഫസ്റ്റ് ഡെപ്ത്, സെക്കന്റ് ഡെപ്ത് ലെവലുകളിൽ മണ്ണ് നീക്കം ചെയ്യുന്ന പ്രവർത്തി നടന്നിട്ടില്ല. എന്നാൽ മെഷർമെന്റ് ബുക്ക് പേജ് 18,19,20 എന്നിവയിലായി ഈ ലെവലുകളിൽ മണ്ണ് നീക്കം ചെയ്തതിന്റെ അളവ് രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവർത്തി | അളവ് |
|---|---|
| Earth work excavation by mechanical/manual means.......& neatly dressed for first depth after initial depth from 1.8m to 3m | 3.14 x $5.36^2$ /4 x 1.2 =27.06 $m^3$ |
| Earth work excavation by mechanical/manual means.......& neatly dressed for second depth after initial depth from 3m to 4.5m | 3.14 x $5.36^2$ /4 x 1.5 =33.83 $m^3$ |

ഈ രീതിയിൽ ചെയ്യാത്ത പ്രവർത്തിയുടെ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. നൽകിയ തുക താഴെ ചേർക്കും പ്രകാരമാണ്.

(പ്രവർത്തിയുടെ ആദ്യ എസ്റ്റിമേറ്റിൽ ഓരോ ലെവലിലും മണ്ണ് പ്രവർത്തി 29.438$m^3$ വീതമാണുണ്ടായിരുന്നത്. ഈ അളവിൽ നിജപ്പെടുത്തിയാണ് കരാറുകാരന് തുക നൽകിയത്.)

| പ്രവർത്തി | മെഷർമെന്റ് ബുക്കിലെ അളവ് | നൽകിയ തുക | യഥാർത്ഥത്തിൽ ചെയ്യ്തഅളവ്/അർഹമായി തുക | അനർഹമായി നൽകിയ തുക |
|---|---|---|---|---|
| Earth work excavation by mechanical/manual means.......& neatly dressed for first depth after initial depth from 1.8m to 3m | 33.83 $m^3$ (29.438 ൽ ലിമിറ്റ് ചെയ്തു) | 29.438x278.73 = 8205.25 | 6.77$m^3$ 6.77x278.73 =1887 | 6318.25 |
| Earth work excavation by mechanical/manual means.......& neatly dressed for second depth after initial depth from 3m to 4.5m | 33.83 $m^3$ (29.438 ൽ ലിമിറ്റ് ചെയ്തു) | 29.438x339 = 9979.48 | ഈ പ്രവർത്തി നടത്തിയിട്ടില്ല. | 9979.48 |
| ആകെ അധികം നൽകിയത് | | | | 16,297.73 |

മേൽ രീതിയിൽ അധികം നൽകിയ 16,297.73 രൂപ തിരികെ ഈടാക്കേണ്ടതാണ്.

മുകളിൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. കുടിവെള്ള പദ്ധതി വിഭാവനം ചെയ്ത് മൂന്ന വർഷം പിന്നിട്ടിട്ടും, നിലവിൽ പദ്ധതിയുടെ പകുതി പ്രവർത്തനം പോലും പൂർത്തീകരിച്ചിട്ടില്ലയെന്നത് മേൽ വീഴ്ചകളുടെ ഗൌരവം കൂട്ടുന്നു. മുകളിൽ വിവരിച്ച രീതിയിലുള്ള അപാകതകൾ/ നിർവ്വഹണത്തിൽ കാലതാമസം ഉണ്ടായിട്ടും ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് യാതൊരു ചർച്ചകളും വ്രക്കിംഗ് ഗ്രൂപ്പകളിൽ( കുടിവെള്ളം ശുചിത്വം, പട്ടികജാതി വികസനം) ഉണ്ടായിട്ടില്ല. തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കി, ചെയ്യാത്ത പ്രവർത്തി രേഖപ്പെടുത്തി പഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കേണ്ടതും, അനർഹമായി കരാറുകാരന് നൽകിയ തുക ഈ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതുമാണ്. പദ്ധതികൾ രൂപീകരിക്കുമ്പോൾ സമഗ്രമായി എല്ലാ പ്രവർത്തികളും ഉൾപ്പെടും വിധം തയ്യാറാക്കേണ്ടതും, നിർവ്വഹണത്തിന് കൂടുതൽ സമയം വേണ്ടി വരുന്നവ ബഹുവർഷ പ്രോജക്ടുകളാക്കി രൂപവൽകരിക്കേണ്ടതുമാണ്. കുടിവെള്ള പദ്ധതി 2019- 20 വ്രഷത്തിൽ തന്നെ പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അതീവ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവർത്തികൾ നടപ്പാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കിയ സ്പിൽ ഓവർ പ്രവർത്തികളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവർത്തികൾ നിർവ്വഹണം നടത്തുകയും ചെയ്തിരിക്കുന്നു.

പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP /1014(a)/05 ഉത്തരവ് പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ടുകളിൽ ചിലതിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | കരാറുകാരൻ, എഗ്രിമെന്റ് നമ്പർ/ തിയ്യതി | ആകെ ചെലവ് | ബിൽ നം തീയതി |
|---|---|---|---|---|
| 1 | എടത്തിൽ ഫുട്പാത്ത്<br>242/19,<br>1,00,000/-ധനകാര്യകമ്മീഷൻഗ്രാന്റ് | അത്തോളി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്<br>45/17-18/14.2.18 | 80,985 | നം.87/18-19 /28.2.19 |
| 2 | എടത്തിൽ ഫുട്പാത്ത്<br>234/19<br>1,00,000/-ധനകാര്യകമ്മീഷൻഗ്രാന്റ് | ശ്രീ.ഒ.കെ.മോഹനൻ<br>96/17-18/6.3.18 | 1,00,000 | 122/18-19/Queue |
| 3 | അത്തോളിടൌൺ ഇയ്യാംകണ്ടി റോഡ് സോളിംഗ് ടാറിംഗ്<br>3,25,000/-(1,50,000-വികസനഫണ്ട് ജനറൽ, 1,75,000 -സംരക്ഷണഗ്രാന്റ് റോഡ്) | ശ്രീ.ഒ.കെ.മോഹനൻ<br>92/17-18/6.3.2018 | 3,25,000 | 81/18-19/11.3.19–1,75,000/-<br>82/18-19 – 1,25,000/- |
| 4 | പുതിയോട്ടിൽ താഴെ മൂടാടി റോഡ് ടാറിംഗ്<br>219/19<br>3,52,000/-സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.രമേശ് ബാബു.വി.കെ.<br>67/17-18/23.2.2018 | 3,25,340 | 107/18-19/19.3.18 |
| 5 | വട്ടോളി കയർ സൊസൈറ്റി റോഡ് ടാറിംഗ്<br>223/19<br>3,00,000/-സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.ഒ.കെ.മോഹനൻ<br>97/17-18/6.3.18 | 2,57,212 | 61/18-19/28.1.19 |
| 6 | അരിയിൽ താഴെ തേവർകണ്ടി മീത്തൽ ഫുട്പാത്ത്<br>249/19<br>1,50,000/-ധനകാര്യകമ്മീഷൻഗ്രാന്റ് | ശ്രീ.ദിനേശൻ.പി.<br>100/17-18/14.3.18 | 1,50,000 | 58/18-19/21.1.19 |
| 7 | പൂക്കോട് അംഗൻവാടി | അത്തോളി ലേബർ | 87,388 | 91/18-19/28.2.19 |

| | | | | |
|---|---|---|---|---|
| | മെയിന്റനൻസ്<br>260/19<br>1,00,000/-സംരക്ഷണഗ്രാന്റ് റോഡ് | കോൺട്രാക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്<br>50/17-18/14.2.18 | | |
| 8 | മലയിൽ പള്ളി റോഡ് റീടാറിംഗ്<br>224/19<br>2,50,000/-സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.റഫീഖ്.പി.<br>127/17-18/28.3.18 | 2,50,000 | 75/18-19/31/1/19 |
| 9 | അരിയാട്ടുമീത്തൽ ഫുട്ട്പാത്ത്<br>251/19<br>1,50,000/-ധനകാര്യകമ്മീഷൻഗ്രാന്റ് | ശ്രീ.റഫീഖ്.പി.<br>123 A/17-18/22.3.18 | 1,50,000 | 116/18-19/26.3.191 |
| 10 | തെരവത്ത് ചെട്ട്യാംവീട്ടിൽതാഴെ റോഡ് ടാറിംഗ് 229/19<br>1,50,000/-സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.റഫീഖ്.പി.<br>129/17-18/28.3.18 | 1,28,559 | 42/18-19/27.12.18 |
| 11 | കോമത്ത് മീത്തൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>272/19<br>90,000/-ധനകാര്യകമ്മീഷൻഗ്രാന്റ് | ശ്രീ.ഒ.കെ.മോഹനൻ<br>58/17-18/14.2.2018 | 55,596 | 37/18-19/30.11.18 |
| 12 | കോറോത്ത് താഴെ ഫുട്ട്പാത്ത്<br>246/19<br>1,10,000/-ധനകാര്യകമ്മീഷൻഗ്രാന്റ് | ശ്രീ.ഒ.കെ.മോഹനൻ<br>99/17-18/4.3.2018 | 98,574 | 113/18-19/23.3.19 |
| 13 | നാലുകണ്ടി മീത്തൽ നടപ്പാത<br>240/19<br>1,00,000/-ധനകാര്യകമ്മീഷൻഗ്രാന്റ് | അത്തോളി ലേബർ കോൺട്രാക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്<br>56/17-18/14.2.18 | 99,581 | 47/18-19/31.12.18 |
| 14 | ഒലയാട്ടു റോഡ് റീടാറിംഗ്<br>227/19<br>1,50,000/-സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.രമേശ് ബാബു<br>66/17-18/23.2.18 | 1,43,945 | 106/18-19/19.3.191 |
| 15 | വെള്ളിയാട്ടുമല കോളനി റോഡ് 216/19<br>3,00,000/-സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.ഒ.കെ.മോഹനൻ<br>11517-18/21.3.2018 | 2,44,269 | 118/18-19<br>Queue |
| 16 | എം.ആർ.എഫ്. സെന്റർ നിർമ്മാണം 255/19 | | 5,00,000 | 14/18-19/25.5.18 |

| | | | | |
|---|---|---|---|---|
| | 11,70,000/-(5,00,000 -വികസനഫണ്ട് ജനറൽ, 95,000 -തനതുഫണ്ട്, 5,75,000 ധനകാര്യകമ്മീഷൻഗ്രാന്റ് | | 5,75,000 79,945 | ചെ.നം. 965141/26.11.18 ചെ.നം. 9451549/12.12.181 |
| 17 | ചെറുപ്പള്ള്യേരി താഴെ റോഡ് 214/18-19 9,67,000/-(247000 /-വികസനഫണ്ട് ജനറൽ, 200000/- തനതുഫണ്ട്, 520000/-സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.സുധാകരൻ.പി.എം. /17-18/ | 247000 520000 164490 | 23/18-19/24.7.18 24/18-19/24.7.18 ചെ.നം. 9651516/24.7.18 |

പഴയ കോസ്റ്റ് ഇൻഡക്സ് നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിൽ സാങ്കേതികാനുമതി വാങ്ങിയ പ്രവൃത്തികളാണെങ്കിലും, പ്രവർത്തി ഏല്പിച്ചുകൊടുക്കുന്നത് മേൽ ഉത്തരവിന്റെ പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനു സരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. മേൽ പറഞ്ഞ എല്ലാ പ്രവൃത്തികൾക്കും കരാർ വച്ചത് ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണെന്ന് കാണാം. കോസ്റ്റ് ഇൻഡക്സിലുണ്ടായ കുറവ് കണക്കാക്കാതെ പ്രവർത്തികൾ ചെയ്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവർത്തികൾ നടപ്പാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. ഈയിനത്തിൽ അധികം നൽകിയ തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-18 പൂക്കോട് പിലാത്തോട്ടത്തിൽ കുടിവെള്ള പദ്ധതി - പദ്ധതി നിർവ്വഹണത്തിൽ അപാകത

നിർവ്വഹണം :- അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ :- 281/19

അടങ്കൽ :- 5,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

2017-18 വർഷത്തിൽ വിഭാവനം ചെയ്ത ഈ പ്രവർത്തി ടെണ്ടർ ചെയ്ത് ശ്രീ.നൗഷാദ് എന്ന കരാറുകാരനെ ഏൽപ്പിച്ചു നൽകി. എന്നാൽ ഇദ്ദേഹം പ്രവർത്തി ചെയ്തില്ല. തുടർന്ന് 11.1.19 ലെ ഒമ്പതാം നമ്പർ തീരുമാനപ്രകാരം ശ്രീ.നൗഷാദിന്റെ നഷ്ടോത്തരവാദിത്തത്തിൽ ക്വട്ടേഷൻ/നെഗോസിയേഷൻ നടത്തി മറ്റൊരു ഏജൻസിമുഖേന നടത്താൻ തീരുമാനിച്ചു. ഇതു പ്രകാരം അത്തോളി ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഈ പദ്ധതി ഏറ്റെടുത്ത് കരാർ ചമച്ച്, നിർവ്വഹണ നടപടികൾ ആരംഭിച്ചു. നിലവിൽ 2019-20 വ്രഷത്തെ വാർഷിക പദ്ധതിയിൽ ഈ പദ്ധതിയും ഉൾപ്പെടുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- 2017-18 ലെ ടെണ്ടർ രജിസ്റ്റർ പേജ് 76 പ്രകാരം 9.3.2018 ന് നടന്ന റീടെണ്ടറിലാണ് ശ്രീ.നൗഷാദിന്റെ സിംഗിൾ ടെണ്ടർ ലഭിച്ചിരിക്കുന്നത്. ആദ്യ ടെണ്ടർ നടന്നതിന്റെ വിശദാംശം

ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

- 17.11.2015 ലെ സർക്കാർ ഉത്തരവ് (പി)524/2015/ധനം പ്രകാരം അഞ്ചു ലക്ഷം രൂപയും അതിനു മുകളിലുമുള്ള എല്ലാ പ്രവർത്തികളും ഇലക്ട്രോണിക് ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി ഇ-ടെണ്ടർ ചെയ്തിട്ടില്ല. ആയതിന്റെ കാരണം വ്യക്തമല്ല.
- പ്രവർത്തി ഏറ്റെടുത്ത് നടത്താതിരുന്ന കരാറുകാരനെതിരെ യാതൊരു നടപടിയും സ്വീകരിച്ചില്ല. ഇദ്ദേഹത്തിന്റെ ഇ.എം.ഡി. തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയില്ല.
- ഈ കുടിവെള്ള പദ്ധതിയുടെ ആവശ്യകത സംബന്ധിച്ചുള്ള വിവരങ്ങളോ, ഏതൊക്കെ പ്രദേശത്ത് ഈ പദ്ധതി ഉപയോഗ പ്രദമാകുമെന്നതിനെ സംബന്ധിച്ച റിപ്പോർട്ടോ, ഗുണഭോക്താക്കളുടെ വിവരമോ ഫയലിലില്ല.
- കിണർ നിർമ്മാണം ഉൾപ്പെടെയുള്ള നിർമ്മാണങ്ങൾ നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിവരം ലഭ്യമല്ല.
- ഈ പദ്ധതിയുടെ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കിണറിന്റെ നിർമ്മാണം മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. കുടിവെള്ള പദ്ധതിയ്ക്ക് ആവശ്യമായ മറ്റു പ്രവർത്തികൾ പ്രോജക്ടിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമല്ല.
- കിണർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് ഭൂജല വകുപ്പ് പരിശോധ നടത്തിയതിന്റെ വിവരം ലഭ്യമല്ല.

മേൽ വിവരങ്ങൾ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. വിവരങ്ങൾ ലഭ്യമാക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 1-19 സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡിന്റെ നിർമ്മാണം

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ വിവിധ റോഡ് പ്രവർത്തികൾ പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ പുതിയ റോഡുകളുടെ നിർമ്മാണത്തിന് സംരക്ഷണഗ്രാന്റ് റോഡ്/ റോഡിതരം എന്നിവ വിനിയോഗിക്കുന്നതായി കണ്ടു. പ്രവർത്തികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് പേര്/നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | വായനശാല പാറക്കാംപൊയിൽ സോളിംഗ് ടാറിംഗ്, 59/19 | 3,88,000/- (1,31,200-ധനകാര്യകമ്മീഷൻ | 1,80,000 - 66/18-19 /30.1.19 |

| | | | |
|---|---|---|---|
| | | ഗ്രാന്റ്<br>1,80,000-സംരക്ഷണഗ്രാന്റ് റോഡ്<br>76,800- സംരക്ഷണഗ്രാന്റ് റോഡിതരം) | 1,31,200 - 64/18-19 /30.1.19<br>76,800 - 65/18-19 /30.1.19 |
| 2 | കോതങ്കൽ തെക്കേകുടി കുരുവാളൂർ റോഡ് സോളിംഗ്,മെറ്റലിംഗ്, ടാറിംഗ്, 56/19 | 4,43,000/-<br>(2,03,000-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>2,40,000-സംരക്ഷണ ഗ്രാന്റ് റോഡ്) | 2,03,000 – 111/18-19 /263.19<br>2,40,000 – 119/19-20 /28.6.19 |
| 3 | കുന്നത്തറ ടെക്സ്റ്റൈൽസ് വെള്ളിലാട്ടുമല റോഡ്, 205/19 | 3,00,000/-<br>(1,20,000-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>1,80,000-സംരക്ഷണ ഗ്രാന്റ് റോഡ്) | 1,20,000 – 112/18-19 /26.3.19<br>1,75,173 -7/19-20 /28.6.19 |
| 4 | വടക്കേചങ്ങരോത്ത് റോഡ്, 166/19 | 3,40,000/-സംരക്ഷണ ഗ്രാന്റ് റോഡ് | 67/18-19/31.1.19 |
| 5 | നടുക്കിലയിൽ എടക്കുടി വേളൂർ റോഡ് മെറ്റലിംഗ് സോളിംഗ് ടാറിംഗ്, 58/19 | 4,18,000/-<br>(2,84,000-ധനകാര്യകമ്മീഷൻ ഗ്രാന്റ്,<br>1,34,000-സംരക്ഷണ ഗ്രാന്റ് റോഡ്) | 2,84,000 – 71/18-19 /30.1.19<br>1,34,000 – 72/18-19 /30.1.19 |
| 6 | ചിരട്ടക്കര താഴം കാവലായി താഴം റോഡ്, 123/19 | 3,00,000/-<br>(1,20,000-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>1,80,000-സംരക്ഷണ ഗ്രാന്റ് റോഡ്) | 1,20,000 – 84/18-19 /11.3.19<br>1,80,000 – 85/18-19 /11.3.19 |
| 7 | പോളിക്കണ്ടി കരിമ്പാത്ത് റോഡ്, 328/19 | 4,99,900/-<br>(1,60,000-ധനകാര്യകമ്മീഷൻ ഗ്രാന്റ്,<br>2,40,000-സംരക്ഷണ ഗ്രാന്റ് റോഡ്<br>99,900-തനതുഫണ്ട്) | 1,60,000 – 96/18-19 /19.3.19<br>2,40,000 – 97/18-19 /19.3.19<br>99,850-9651572/2.3.19 |

| | | | |
|---|---|---|---|
| 8 | അത്തോളിക്കാവ് പൂക്കോട്ടിൽ റോഡ്, 127/19 | 3,50,000/-<br>(1,40,000-ധനകാര്യകമ്മീഷൻ ഗ്രാന്റ്,<br>2,10,000-സംരക്ഷണ ഗ്രാന്റ് റോഡ്) | 2,10,000 – 68/18-19 /30.1.19<br>1,39,228 – 69/18-19 /30.1.19 |
| 9 | അയനിക്കോട് മുക്ക് മണക്കുളങ്ങര താഴെറോഡ് സോളിംഗ് മെറ്റലിംഗ് ടാറിംഗ്, 55/19 | 4,90,000/-<br>(1,96,000-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>2,94,000-സംരക്ഷണ ഗ്രാന്റ് റോഡ്) | 1,96,000 – 41/18-19 /27.12.18<br>2,94,000 – 42/18-19 /27.12.18 |
| 10 | ചെറുപ്പള്ളേ്യരി താഴെ റോഡ്, 214/18-19 | 9,67,000/-<br>(247000/-വികസനഫണ്ട് ജനറൽ, 200000/- തനതുഫണ്ട്,<br>520000/-സംരക്ഷണഗ്രാന്റ് റോഡ്) | 247000 - 23/18-19 /24.7.18<br>520000 - 24/18-19 /24.7.18<br>164490-ചെ.നം.<br>9651516/24.7.18 |
| 11 | കരുവാളൂർ അട്ടവാട്ട് സാംസ്കാരിക നിലയം റോഡ്, 111/19 | 7,00,000/-<br>(1,20,000-വികസനഫണ്ട് ജനറൽ<br>48,000-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>1,96,000-തനതുഫണ്ട്<br>3,36,000-സംരക്ഷണഗ്രാന്റ് റോഡ്) | 3,36,000- 102/18-19 /19.3.19<br>48,000 – 103/18-19 /27.2.19<br>1,93,789 – 9651571/2.3.19<br>1,20,000 -18/19-20 /28.6.19 |

മുകളിൽ വിവരിച്ച പ്രോജക്ടുകളെല്ലാം പുതിയറോഡ് പ്രവർത്തിയാണ്. ഇവയ്ക്ക് വികസനഫണ്ട് കണ്ടെത്താതെ സംരക്ഷണഗ്രാന്റ് വിനിയോഗിച്ച് നിർവ്വഹണം നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറി (നമ്പർ 6/18-19) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമായ കണക്ക പ്രകാരം വർഷാവസാനം ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ തുടർ വർഷത്തിലേയ്ക്ക് തുക നൽകാനായി സ്പിൽഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തിയ പദ്ധതികളിൽ നാല് റോഡ് സംരക്ഷണപ്രദ്ധതികളും ഉൾപ്പെടുന്നു. (പ്രോ.നം.130/19, 107/19, 326/19, 270/19). ഓഡിറ്റ് സംഘം 28.10.19 ന് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടേയും, എൽ.എസ്.ജി.ഡി. ഓവർസിയറുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയ്ക്കിടെ ചില റോഡുകൾ സോളിംഗ് പ്രവർത്തി മാത്രം നടത്തിയ രീതിയിൽ കാണുകയുണ്ടായി. പ്രസ്തുത റോഡിന്റെ വിവരങ്ങൾ പരിശോധിച്ചപ്പോൾ ഈ റോഡ് പ്രവർത്തിയുടെ പ്രോജക്ട് 2016-17 വർഷത്തിൽ തയ്യാറാക്കി നടപ്പാക്കിയതാണ്(കോതങ്ങാട്ട് മണിക്കോത്ത് താഴെ

റോഡ്). നിലവിലുള്ള റോഡുകളുടെ അറ്റകുറ്റ പണികൾ/തുടർപ്രവർത്തികൾ നടത്താനുണ്ടായിരുന്നിട്ടും അവയ്ക്ക് പ്രാധാന്യം നൽകാതെ പുതിയ റോഡ് പ്രവർത്തിയ്ക്ക് സംരക്ഷണഗ്രാന്റ് ഉപയോഗിച്ചത് ശരിയായ നടപടിയല്ല. ഈ സാഹചര്യത്തിലേയ്ക്ക് നയിച്ച കാരണങ്ങൾ വിശദീകരിക്കേണ്ടതാണ്.

## 1-20 കന്നുകട്ടി പരിപാലന പദ്ധതി - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

കന്നുകുട്ടി പരിപാലി പദ്ധതിയ്ക്ക് 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ വകയിരുത്തി, പ്രോജക്ട് ഓഫീസർക്ക് അടച്ച തുകയും അതിന്റെ ചെലവ് വിശദാംശവും താഴെ കൊടുക്കുന്നു.

| വർഷം | പദ്ധതി വിഹിതം ചെലവഴിച്ചത് | ഗുണഭോക്തൃ വിഹിതം ചെലവഴിച്ചത് | സ്റ്റേറ്റ് ബിൽ | പദ്ധതിയുടെ നാളിതുവരെയുള്ള ചെലവ് | സൊസൈറ്റി കണക്ക് പ്രകാരം ഉള്ള കിടാരികൾ-അനുവദിച്ച തുക |
|---|---|---|---|---|---|
| 2016-17 | 93750 | 83296 | 93750 | 166592 | 15- 20908 |
| 2017-18 | 400000 | 328005<br>2017-18-19680<br>2018-19-216480<br>2019-20-91845 | -- | 656010 | 29-<br>3കിടാരികൾ ഒഴിവാക്കി |
| 2018-19 | 400000 | 196800<br>2018-19-59040<br>2019-20-137760 | -- | 393600 | 32 |

മേൽ ചെലവ് പരിശോധിച്ചാൽ 2016-17 വർഷം ഈ ഇനത്തിൽ 20908 രൂപ പ്രൊജക്ട് ഓഫീസറുടെ കൈവശം അവശേഷിച്ചതായി കാണാം. മേൽ പദ്ധതിയും (2016-17) കാലാവധി 2018-19 ൽ അവസാനിച്ചതിനാൽ ചെലവ് ചെയ്യാൻ അവശേഷിച്ച തുകയായ 20908 രൂപയും പഞ്ചായത്ത് വിഹിതമായ 10454 രൂപയും തിരിച്ചടക്കേണ്ടതാണ്.

2017-18 വർഷത്തിൽ 3 കിടാരികൾ ചത്ത് പോയതിന്റെ അടിസ്ഥാനത്തിൽ, ഗുണഭോക്താക്കൾ ഒഴിവായതായി കാണുന്നു. ഈ കിടാരികൾക്ക് ഇൻഷ്വറൻസ് ലഭിച്ചതിന്റെയും അത് വിനിയോഗിച്ച് കന്ന് കുട്ടി പരിപാലനം നടത്തുന്നതിന്റെയും വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 പി.എച്ച്.സി പാലിയേറ്റീവ് ഹോംകെയർ നഴ്സിന്റെ ഹോണറേറിയം

## ,അനുബന്ധ ചെലവുകൾ സമയബന്ധിതമായി നൽകുന്നില്ല,പദ്ധതി നടത്തിപ്പിലെ മറ്റ് ന്യൂനതകൾ.

പ്രോജക്ട് നം. – 41/19
അടങ്കൽ – 500000/-
ചെലവ് – 623430/-

ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സിയുടെ കീഴിൽ വരുന്ന പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനത്തിന്റെ ഭാഗമായുള്ള ഹോംകെയർ ടീമിന്റെ വേതനം അനുബന്ധ ചെലവുകൾ എന്നിവ യഥാസമയം നൽകി വരുന്നില്ല.
2015 -ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ജി.ഒ. (ആർ.ടി)3217/2015-ലെ ഖണ്ഡിക2.8.11 പ്രകാരം പാലിയേറ്റീവ് നേഴ്സിന്റെ ഹോണറേറിയം യാതൊരു വീഴ്ചയും കൂടാതെ പ്രവൃത്തി ചെയ്ത മാസത്തിന്റെ തൊട്ടടുത്ത മാസം 10-ാം തീയ്യതിക്കകം നൽകേണ്ടതാണ്. പദ്ധതിയുടെ അംഗീകാരം വൈകിയാൽ ഹോണറേറിയം നൽകാൻ കാലതാമസം ഉണ്ടാകുന്ന പക്ഷം തനത്ഫണ്ടിൽ നിന്നും നൽകാവുന്നതും പിന്നീട് പദ്ധതി പണം തനത്ഫണ്ടിൽ അടവാക്കാവുന്നതും ആണ്.
കൂടാതെ പാലിയേറ്റീവ് ഹോംകെയർ വാഹനത്തിന്റെ ഇന്ധനം, റിപ്പയർ, ഡ്രൈവറുടെ വേതനം ഉൾപ്പെടെയുള്ള ചെലവുകൾ വളരെ വൈകിയാണ് നൽകി വരുന്നത്.
ഉദാ- 01.04.2018 മുതൽ 31.07.2018 വരെയുള്ള 4 മാസത്തെ നേഴ്സിന്റെ ഹോണറേറിയവും 10 മാസത്തെ കുടിശ്ശികയും (10 x 5000 = 50000) 09.08.2018 ന് ബിൽ നമ്പർ 1/09.08.2018 പ്രകാരമാണ് നൽകിയിട്ടുള്ളത്. 2018 ഓഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ, മാസങ്ങളിലെ വേതനം 19.11.2018-ലും 12/18 വേതനം 20.02.2019 ന മാണ് നൽകിയിട്ടുള്ളത്. ഡ്രൈവറുടെ വേതനം മറ്റുള്ള ചെലവുകൾ എല്ലാം ഇപ്രകാരമാണ് നൽകിയത്.
മാരക രോഗങ്ങൾ, ബുദ്ധിമാന്ദ്യം, പ്രായാധിക്യ ബുദ്ധിമുട്ടുകൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയ ദീർഘകാല ചികിത്സാ പരിചരണം എന്നിവ വേണ്ടവർക്ക് സഹായം നൽകുന്ന പാലിയേറ്റീവ് കെയർ പരിചരണ പദ്ധതിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയ പങ്കാണ് വഹിക്കുന്നത് .ഇതിൽ ഹോംകെയർ ടീം (ഗൃഹപരിചരണം) ആണ് പദ്ധതിയുടെ നട്ടെല്ല് ആയി പ്രവർത്തിക്കേണ്ടത്.
ഹോംകെയർ ടീമിന്റെ ചെലവുകൾ സമയബന്ധിതമായി നൽകുന്നതിനുള്ള നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

<u>മറ്റ് ന്യൂനതകൾ:</u>

പാലിയേറ്റീവ് കെയർ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാചെലവുകളും എച്ച്.എം.സി ഫണ്ടിൽനിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്ന് മാറി എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ്.(മേൽ ഉത്തരവ് ഖ.നം.2-6-5 കാണുക.) എന്നാൽ വാഹനചെലവുമായി ബന്ധപ്പട്ട ചെലവുകൾ പ്രോജക്ടിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്.
വാഹന ഉപയോഗവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.
(a) ഓരോ തവണ ഇന്ധന നിറയ്ക്കുമ്പോഴും ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല. പലപ്പോഴായി നിറക്കുന്ന ഇന്ധനത്തിന്റെ ബില്ല് ഒരുമിച്ച് ഒന്നായി വാങ്ങി സൂക്ഷിക്കുന്നതായാണ് ഓഡിറ്റിൽ വിശദീകരിച്ചത്. ഇതിന് കാരണം മുൻകൂർ പണം ലഭ്യമല്ലാത്തതും, പെട്രോൾ പമ്പിൽ നിന്നും കടം ലഭിക്കാത്തതുമാണെന്ന് ഡ്രൈവർ അറിയിച്ചു. ഇത്തരം സ്ഥിതിവിശേഷത്തിനുള്ള പരിഹാരം കണ്ടെത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും പഞ്ചായത്തും ശ്രമിക്കേണ്ടതാണ്.
(b) നിശ്ചിത സമയങ്ങളിൽ ഫ്യൂവൽ എഫിഷ്യൻസി ടെസ്റ്റ് നടത്തുന്നില്ല.

(c)നിലവിലെ ഇന്ധന ക്ഷമത അറിയുവാൻ നിലവിലെ രീതി പ്രകാരം വ്യവസ്ഥയില്ല. കാരണം ഓരോ തവണ ഇന്ധനം നിറയ്ക്കുമ്പോഴും കിലോമീറ്റർ റീഡിങ്ങ് രേഖപ്പെടുത്തുകയും അടുത്ത തവണ ഇന്ധനം നിറയ്ക്കുമ്പോൾ വീണ്ടും റീഡിങ്ങ് രേഖപ്പെടുത്തുന്ന രീതി അനുവർത്തിച്ച് വരുന്നില്ല. ഇപ്രകാരം ചെയ്താലെ നിറച്ച ഇന്ധനത്തിന്റെ അളവും യാത്ര ചെയ്ത ദൂരവും തമ്മിലുള്ള അനുപാതം (മൈലേജ്) അറിയുവാനാകൂ.

ഗ്രാമപഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ പ്രോജക്ടും മോണിറ്ററിംഗ് കൂടുതൽ കാര്യക്ഷമതയോടെ നടത്തുന്നതിലേക്കായി ശ്രദ്ധ ക്ഷണിക്കുന്നു .

## 1-22 വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിൽ അപാകത.

പ്രൊജക്ട് നം - 67/19.

അടങ്കൽ : 595000 (plan) :950/-(തനത്)

ചെലവ്: 494760/-
ബിൽ നമ്പർ/തീയതി: 11/14.01.2019:434000/-നം.5/23.3.19:60760/-

നിർവ്വഹണം : അസി.സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം 60 വയസ്സിന് മുകളിലുള്ള പട്ടികജാതിയിൽപെട്ട വയോജനങ്ങൾക്കായി കട്ടിൽ വിതരണം നടത്തുന്നതിനായിരുന്നു. പദ്ധതി പ്രകാരം 114 എണ്ണം 4340/- രൂപ നിരക്കിലാണ് 'സിഡ്കോ' യിൽ നിന്നും വാങ്ങിയത്. മുഴുവൻ പേർക്കും വിതരണം ചെയ്തതായാണ് ഓഡിറ്റിൽ വിശദീകരിച്ചത്. എന്നാൽ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 113 പേർക്ക് മാത്രമേ വിതരണം ചെയ്തിരുന്നുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ (11/30.10.19) ഓഡിറ്റ് എൻക്വയറിയിലും വിശദീകരണം നൽകാൻ സാധിച്ചിരുന്നില്ല.

ആയതിനാൽ കുറവ് വന്ന കട്ടിലിന്റെ വിലയായ 4340/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ തിരിച്ചടവാക്കേണ്ടതാണ്.

## 1-23 ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ എൽ പി/യു പി വിദ്ധ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ പദ്ധതി- ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല.

പദ്ധതി നമ്പർ :12/19

അടങ്കൽ : 2 ലക്ഷം

ചെലവ്: 2 ലക്ഷം

ബിൽ നമ്പർ.9/19.2.19 തുക: 87360/-

ഹെഡ്മാസ്റ്റർ നടപ്പാക്കിയ മേൽ പറഞ്ഞ പദ്ധതിയിൽ പ്രഭാത ഭക്ഷണം സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനായി 2ലക്ഷം രൂപ വകയിരുത്തിയിരിന്നു. പദ്ധതി പ്രകാരം തൻവർഷം ചെലവ് വന്ന രണ്ട് ലക്ഷം രൂപയിൽ 87360/- രൂപ തൻവർഷം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന തുക 2019-20 ൽ

നൽകുകയുണ്ടായി. 'ആശാകിരൺ' എന്ന സ്ഥാപനമായിരുന്നു പ്രവർത്തി ഏറ്റെടുത്തത്.

ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ. തിയ്യതി.8.11.2010 പ്രകാരം ഒരു ലക്ഷത്തിന് മുകളിലുള്ള പ്രവർത്തികൾ ടെണ്ടർ ചെയ്യേണ്ടതായിരുന്നു. എന്നാൽ അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മറ്റ് സ്ഥാപനങ്ങളിലെ വില വിവരങ്ങൾ താരതമ്യം ചെയ്യുന്നതിന് ക്വട്ടേഷൻ പോലും വാങ്ങാതെ നേരിട്ട് പ്രവർത്തി നൽകിയത് ശരിയായ നടപടിയല്ല. ഭക്ഷണസാധനങ്ങക്ക് താലൂക്ക് തലത്തിൽ വില നിശ്ചയിച്ച താഹ്സിൽദാരുടെ റിപ്പോർട്ടുമായി വില താരതമ്യം ചെയ്തിട്ടുമില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 2 ലക്ഷം രൂപ തടസ്സം ചെയ്യുന്നു. മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-24 എസ് .എസ് .എസ്. എ. വിഹിതം നൽകൽ- പദ്ധതി നടപ്പാക്കിയതിൽ ന്യൂനതകൾ.

നിർവഹണം :ഹെഡ് മാസ്റ്റർ

പദ്ധതി നമ്പർ:1/19 തുക:10 ലക്ഷം(ജനറൽ)

പദ്ധതി നമ്പർ:2/19 തുക:3 ലക്ഷം(എസ്.സി)

അത്തോളി പഞ്ചായത്തിന്റെ എസ്.എസ്.എ. വിഹിതമായി മേൽ കാണിച്ച പ്രകാരം ആകെ 13 ലക്ഷം രൂപ നൽകുകയുണ്ടായി. ആയതിന്റെ കൈപ്പറ്റ് രേഖ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല. വിനിയോഗിച്ച തുക പഞ്ചായത്തിലെ ഏത് സ്കൂളുകൾക്കായി എത്രപേർക്ക് വീതം ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നതിൻെറ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പദ്ധതി രൂപീകരണം മുതൽ ഇടപെടൽ നടത്തേണ്ടിയിരുന്ന വിവിധ ഘടകങ്ങളായ വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവർക്ക് കൃത്യമായ ഇടപെടൽ നടത്താൻ സാധിച്ചതായി കാണുന്നില്ല. ആയതിനാൽ ജി.ഒ. (എം.എസ്.) 11/2018 ത.സ്വ.ഭ.വ. തി. 29-1-18 പ്രകാരമുള്ള മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും സാധിച്ചിരുന്നില്ല. കൈപ്പറ്റ് രശീത്, വിശദമായ വിനിയോഗ വിവരം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-25 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾ ഭരണസമിതി നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടു

ലൈഫ് ഭവന പദ്ധതി (36/19) യിൽ ഉൾപ്പെട്ട താഴെ കാണിച്ച ഗുണഭോക്താക്കൾ ബന്ധപ്പെട്ട ഗ്രാമസഭാ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| വാർഡ് നമ്പർ | ഗുണഭോക്താവിന്റെ പേര് | വി.ഇ.ഒ.ക്ക് ലഭിച്ച ഭരണസമിതി നൽകിയ ലിസ്റ്റ് പ്രകാരമുള്ള ക്രമ നമ്പർ |
|---|---|---|
| 6 | സുമതി കരിമ്പാക്കണ്ടി | 6 |
| 11 | മാളുഅമ്മ കോഴിക്കുന്നുമ്മൽ | 9 |

| | | |
|---|---|---|
| 11 | യശോധ നെടിയപറമ്പത്ത് | 14 |
| 11 | രാമചന്ദ്രൻ പുതിയാറമ്പത്ത് | 20 |
| 11 | ഷൈജ വട്ടോളി. | 19 |

മേൽ പറഞ്ഞവരിൽ വാർഡ് 6 -ലെ മിനുട്സിൽ ലൈഫ് ഭവനം അന്തിമ ലിസ്റ്റ് അംഗീകാരത്തിനായി ചേർന്ന 27.12.17 -ലെ ഗ്രാമസഭ ലിസ്റ്റിൽ (പേജ് 152) സുമതി കരിമ്പാക്കണ്ടിയുടെ പേര് ഉൾപ്പെട്ടിട്ടില്ല. കൂടാതെ മിനുട്സിൽ പേജ് 162,163,181 എന്നിവ ഒഴിച്ചിട്ടതായി കാണുകയുണ്ടായി.

വാർഡ് നമ്പർ 11-ൽ ലൈഫ് ഗുണഭോക്തലിസ്റ്റ് അന്തിമമാക്കുന്നതിനായി ചേർന്ന 23.12.17 ലെ യോഗത്തിൽ മേൽ പറഞ്ഞവരുടെ പേരുകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാമസഭ മിനുട്സിന്റെ പേജ് 156- ൽ 80 പേരാണ് പങ്കെടുത്തതായി ഒപ്പ് വച്ചത്. (ക്വാറം-147) ശേഷം പേജ് 158 മുതൽ 169 വരെയും 207 മുതൽ 213 വരേയും ഒന്നും രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കയാണ്. മുൻവർഷങ്ങൾ ഉൾപ്പെടെ നിരവധി പേജുകൾ ഇപ്രകാരം ഒഴിഞ്ഞു കിടക്കുന്നുണ്ട്. (ഉദാ പേജ് 86 മുതൽ 104 വരെയും ഒഴിഞ്ഞു കിടക്കുകയാണ്).

മേൽ പറഞ്ഞത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമസഭാ മിനുട്സിന്റെ കൈകാര്യം സംബന്ധിച്ച ചുമതല വിവിധ കോഓഡിനേറ്റർമാരെ ഏൽപ്പിച്ചുകൊണ്ട് സെക്രട്ടറി ഉത്തരവിറക്കിയിട്ടുണ്ടെങ്കിലും തൊട്ടടുത്ത ഗ്രാമസഭക്ക് മുമ്പായി മിനുട്സ് പൂർത്തീകരിച്ചത് സംബന്ധിച്ച പരിശോധന നടത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൽ നൽകേണ്ടതും പ്രസ്തുത വാർഡിലെ തെരഞ്ഞെടുത്ത അംഗത്തിന്റെ ആത്യന്തിക കടമ തന്നെയാകുന്നു.
മേൽ വിഷയത്തിൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-26 പെൺകുട്ടികളുടെ വിവാഹധനസഹായം( എസ് .സി) -പദ്ധതി നടപ്പാക്കിയതിൽ അപാകത.

പ്രൊജക്ട് നം. 63/19 അടങ്കൽ 1725000/- ചെലവ് 1650000/-
ബിൽ നം.1 /20.07.18: തുക 675000/-

14.02.2018ലെ സർക്കാർ ഉത്തരവ് (കൈ) 22/2018 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക-7.2.3 പ്രകാരം വിവാഹത്തിന് 15 ദിവസം മുൻപോ 90 ദിവസത്തിനകമോ ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ചിരിക്കണം. പിന്നീട് ത.സ്വ.ഭ.വ (ഡി.എ) വകുപ്പിന്റെ 21.11.18-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നം.2960/2018/തസ്വഭവ പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി 6 മാസമായി വർദ്ധിപ്പിച്ചിരുന്നു. എന്നാൽ ശ്രീമതി. ഷൈനി. വി.സി യുടെ വിവാഹം നടന്നത് 11.9.2017 നാണ്. എന്നാൽ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചത് 19.06.2018 നാണ്. ആയതിനാൽ സർക്കാർ നിബന്ധന ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ (10/30.10.19) ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ആരോരും ഇല്ലാത്തതും കഷ്ടത അനുഭവിക്കുന്നതിനാലുമാണ് ആനുകൂല്യം അനുവദിച്ചത് എന്നാണ്. ഇത് ശരിയായ നടപടിയല്ല. സർക്കാരിന്റെ പരിഷ്കരിച്ച ഉത്തരവിനെയും മറികടന്ന് നടത്തിയ ചെലവിന് സർക്കാർ സാധൂകരണം

ആവശ്യമാണ്. പ്രസ്തുത ഇനത്തിലെ ചെലവ് 75000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-27 അനധികൃത ഹോസ്റ്റൽ കെട്ടിടത്തിന് നിശ്ചിത നിരക്കിൽ നികുതി ഈടാക്കിയില്ല. പഞ്ചായത്തിന് ലക്ഷങ്ങൾ നഷ്ടം

പഞ്ചായത്തിലെ സഞ്ചയ, അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ എന്നിവ പ്രകാരം ശ്രീ. വി.അനിൽകുമാർ, ചെയർമാൻ & മാനേജിംഗ് ട്രസ്റ്റി, ശ്രീ ആഞ്ജനേയ മെഡിക്കൽ ട്രസ്റ്റ്, മൊടക്കല്ലൂർ (പി.ഒ), എന്നവരുടെ ഉടമസ്ഥതയിലുള്ള 1/1053UA, 1/1054UA, 1/1055UA, 1/1059UA എന്നീ അനധികൃത കെട്ടിട നമ്പർ നൽകിയ സ്വകാര്യ ഹോസ്റ്റൽ കെട്ടിടത്തിനും 1/1056UA എന്ന അനധികൃത നമ്പർ നൽകിയ അപ്പാർട്ട്മെന്റ് കെട്ടിടത്തിനും 2014-15മുതൽ വസ്തുനികുതി ഈടാക്കിവരുന്നുണ്ട്.

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന നികുതിയും സർചാർജ്ജും ചട്ടങ്ങൾ, ചട്ടം 20 ൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം എപ്രകാരമായിരിക്കണം എന്ന് ചുവടെ കൊടുത്തപ്രകാരം നിഷ്കർഷിക്കുന്നുണ്ട്.

ചട്ടം 20(1) - നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫോറം 10 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

ചട്ടം 20(2) – നിയമാനുശൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത്, അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണ് എന്ന് സൂചിപ്പിക്കുന്ന "യു.എ" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രേഖപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. ഇപ്രകാരം കെട്ടിട നമ്പർ നൽകുന്നത്, 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രം ഉദ്ദേശിച്ചിട്ടുള്ളതും മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഗ്രാമപഞ്ചായത്തോ കെട്ടിട ഉടമയോ പ്രസ്തുത കെട്ടിട നമ്പർ ഉപയോഗപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു. എന്നാൽസർക്കാർ ഉത്തരവ് പ്രകാരം 150 മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് പ്രത്യേക ആവശ്യങ്ങൾക്ക് മാത്രം താൽക്കാലിക റസിഡൻഷ്യൽ നമ്പർ നൽകാവുന്നതാണ്.

ചട്ടം20(3)- നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 235എഎ വകുപ്പ് (1) -ാം ഉപവകുപ്പ് പ്രകാരം- കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ , ഇതിൽ ഏതാണ് ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ കെട്ടിട ഉടമ ബാധ്യസ്ഥനായിരിക്കുന്നതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഓരോ കെട്ടിടത്തിന്റെയും ഉടമസ്ഥന് അയയ്ക്കേണ്ടതുമാണ്. അപ്രകാരം വസ്തുനികുതി ചുമത്തുന്നത് മൂലം നിയമാനുസൃതമല്ലാതെയുള്ള കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും ഈ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ നടപടിയെടുക്കുന്നതിന് ഇത് തടസമായിരിക്കുന്നതല്ല എന്നും കെട്ടിടം പൊളിച്ച് മാറ്റുന്നത് വരെ ഇപ്രകാരം വസ്തുനികുതി നൽകാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുമെന്നും ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തേണ്ടതാണ്.

ചട്ടം 20(4)- നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന്, ഗ്രാമ പഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതുമല്ല.

1) മേൽ ചട്ടപ്രകാരം പ്രസ്തുത അനധികൃത കെട്ടിടങ്ങൾക്ക് 2014-15 ലെ താമസാവശ്യത്തിനുള്ള വസ്തുനികുതി നിരക്കായ 4/- രൂപ തോതിൽ അടിസ്ഥാന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടിയും വസ്തുനികുതിയായി 2014-15 മുതൽ 2018-19 വരെ അടവാക്കി വരുന്നുണ്ട്. എന്നാൽ 24/02/2015 ലെ സ.ഉ.(അ)നം.36/15 ത.സ്വ.ഭ.വ പ്രകാരം തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്, സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയുടെ നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. ഇത് പ്രകാരം അത്തോളി ഗ്രാമപഞ്ചായത്തിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്ക് സഞ്ചയയിൽ ച.മീ ന് 31/- രൂപയാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഇതനുസരിച്ച് മേൽ ഉത്തരവ് പ്രകാരം അനധികൃത കെട്ടിടങ്ങളുടെ നികുതി 2015-16 മുതൽ പുതിയ നിരക്കിലേക്ക് പരിഷ്കരിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ പുതുക്കിയ നികുതി അനധികൃതകെട്ടിടത്തിൽ നിന്നും ഈടാക്കിയിട്ടില്ല.

36/15 ഉത്തരവ് പ്രകാരം ഒരു വർഷം കെട്ടിടത്തിന്റെ ഈടാക്കിയ നികുതിയും ഈടാക്കേണ്ട നികുതിയും ഈയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടവും സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

കെട്ടിടം പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്നതും 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗമുള്ളതുമാണ്.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി (4/- രൂപ നിരക്കിൽ) വഴിയുള്ള 20% വർദ്ധനവും 3 ഇരട്ടിയും ഉൾപ്പെടെ | യഥാർത്ഥത്തിൽ നികുതി കണക്കാക്കേണ്ടത് (31/- രൂപ നിരക്കിൽ)വഴിയുള്ള 20% വർദ്ധനവും 3 ഇരട്ടിയും ഉൾപ്പെടെ , (നിയമാനുസൃത കെട്ടിട നികുതി * 3) | നികുതിയിനത്തിലുണ്ടായ നഷ്ടം |
|---|---|---|---|---|---|
| 1 | 1/1053UA | 1890.65 | 27228+1362 (LC) | (70332*3+ 3517*3) = 210996+10551(LC) | 183768+9189 |
| 2 | 1/1054UA | 2922.66 | 42087+2105 (LC) | (108724*3+ 5436*3)= 326172+16308 | 284085+14203 |
| 3 | 1/1055UA | 7840.43 | 112905+5646 (LC) | (291665*3+ 14584*3) = 874995+43752 | 762090+38106 |

| | | | | | |
|---|---|---|---|---|---|
| 4 | 1/1056UA | 1969.29 | 28359+1418 (LC) | (73258*3+ 3663*3)= 219774+10989 | 191415+9571 |
| 5 | 1/1059UA | 4618.82 | 66513+3326 (LC) | (171821*3+ 8591*3)= 515463+25773 | 448950+22447 |
| | | 19241.85 | 277082+13857 | 2147400+107373 | 1870318+ 93516 |

2015-16 മുതൽ ഒരോ വർഷവുമുണ്ടാവുന്ന നികുതി നഷ്ടം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 2015-16 | 1870318+ 93516(LC) |
| 2016-17 | 1870318+ 93516(LC) |
| 2017-18 | 1870318+ 93516(LC) |
| 2018-19 | 1870318+ 93516(LC) |
| ആകെ നഷ്ടം | 7481272+374064(LC) |

നികുതിയിനത്തിൽ പഞ്ചായത്തിന് ഇത്രയും വലിയ തുക നഷ്ടപ്പെടുന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ ശ്രദ്ധയിൽ പെടാഞ്ഞത് ഗുരുതരമായ വീഴ്ചയാണ്. പഞ്ചായത്തിന്റെ ആകെ നികുതി വരുമാനം 2018-19 പ്രകാരം 4680105/-രൂപയായിരിക്കെ അതിന്റെ 41 ശതമാനത്തിലധികം വരുന്ന തുക ഒരു സ്ഥാപനത്തിൽ നിന്നുമാത്രം ഓരോ വർഷവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

മേൽ കെട്ടിടങ്ങൾക്ക് 2014 ഒന്നാം അർദ്ധ വർഷം മുതലാണ് നികുതി ഈടാക്കിയിരിക്കുന്നത്. എന്നാൽ സഞ്ചയ പ്രകാരം അനധികൃത നിർമാണ വർഷമായി 2013-14 എന്നും നികുതി പ്രാബല്യത്തിൽ വന്ന തീയതി 2013-14 എന്നുമാണ് നൽകിയിരിക്കുന്നത്. എന്നാൽ കെട്ടിടത്തിന് 2013-14 ൽ കെട്ടിട നികുതി ഈടാക്കിയിട്ടില്ല.

2)മേൽ കെട്ടിട ഉടമയായ ശ്രീ. വി.അനിൽകുമാർ, ചെയർമാൻ & മാനേജിംഗ് ട്രസ്റ്റി, ശ്രീ. ആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന്റ ഉടമസ്ഥതയിൽ മലബാർ മെഡിക്കൽ കോളേജിന്റെയും അനുബന്ധമായ ഹോസ്റ്റലുകളും ഡെന്റൽ കോളേജും നഴ്സിംഗ് കോളേജുകളുമായി പഞ്ചായത്തിൽ നികുതി ഒടുക്കി വരുന്നതായി മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ ഒഴികെ ചുവടെ കൊടുത്ത കെട്ടിടങ്ങളും ഉൾപ്പെടുന്നു.

a)നിയമാനുസൃത കെട്ടിടങ്ങൾ

| കെട്ടിട നം | തരം | വിസ്തീർണ്ണം (ച.മീ) | നികുതി കണക്കാക്കിയ വർഷം |
|---|---|---|---|
| 1/483 | ഹോസ്റ്റൽ | 81 | 2013-14 ന് മുൻപ് |
| 1/484A | റസിഡൻഷ്യൽ ഫ്ളാറ്റ് | 105.74 | 2017-18 |
| 1/485 മുതൽ 1/488 വരെ | ആശുപത്രി | 3128 | 2013-14 |
| ആകെ | | 3314.74ച.മീ | |

b)അനധികൃത കെട്ടിടങ്ങൾ

| കെട്ടിട നമ്പർ | തരം | വിസ്തീർണ്ണം (ച.മീ) | നികുതി കണക്കാക്കിയ വർഷം |
|---|---|---|---|
| 1/1001UA മുതൽ 1050UA വരെ | ഡെന്റൽ കോളേജ് | 3325.95 | 2013-14 |
| 1/1051UA | ആശുപത്രി | 31727 | 2013-14 |
| 1/1052UA | ആശുപത്രി | 860.32 | 2013-14 |
| 1/1057UA | ഡെന്റൽ കോളേജ് | 7894.53 | 2013-14 |
| 1/1058UA | നഴ്സിംഗ് കോളേജ് | 7085.78 | 2013-14 |
| ആകെ | | **50893.26ച.മീ** | |

മേൽ പട്ടികകളിൽ പരാമർശിച്ചത് പ്രകാരം ശ്രീ. വി.അനിൽകുമാറിന്റെ ഉടമസ്ഥതയിലെ ആശുപത്രി അനുബന്ധ കെട്ടിടങ്ങൾ പഞ്ചായത്ത് നമ്പർ നൽകിയിരിക്കുന്നത് 73448.9ച.മീറ്ററിമാണ്. എന്നാൽ ഇതിൽ 3314.74ച.മീ മാത്രമാണ് നിയമാനുസൃത കെട്ടിടം, ബാക്കി 70134.16ച.മീ. അനധികൃത കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എല്ലാ അനധികൃത കെട്ടിടങ്ങളുടേയും നിർമ്മാണ വർഷമായി 2013-14 ആണ് സഞ്ചയയിൽ നൽകിയിരിക്കുന്നത്. എന്നാൽ 1/1001UA മുതൽ 1050UA വരെയുള്ള 3325.95ച.മീറ്ററിന് മാത്രമാണ് 2013-14 ൽ നികുതി അടവാക്കിയിരിക്കുന്നത്. ബാക്കി എല്ലാ അനധികൃത കെട്ടിടങ്ങൾക്കും 2014-15 മുതലാണ് നികുതി ഈടാക്കിതുടങ്ങിയത്.

അനധികൃത നിർമ്മാണങ്ങൾക്ക് നികുതി കണക്കാക്കിയതുമായി ബന്ധപ്പെട്ട ഒരു പ്ലാനും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ യഥാർത്ഥ അളവുകളെ സംബന്ധിക്കുന്ന പ്ളാനുകൾ പഞ്ചായത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല എന്നത് ഗുരുതരമായ അപാകതയാണ്.

3) കൊയിലാണ്ടി അഗ്നിരക്ഷാനിലയത്തിന്റെ 2/3/2019, 20/06/2019 എന്നീ തീയതികളിലെ കത്ത് യഥാക്രമം സി.നം.57/19-2, സി.നം.57/19-10 എന്നിവ പ്രകാരം മലബാർ മെഡിക്കൽ കോളേജ് കോംപൌണ്ടിലുള്ള ബഹുനില കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള 9 കെട്ടിടങ്ങൾ (റസിഡൻഷ്യൽ-5എണ്ണം, എഡ്യൂക്കേഷൻ -3എണ്ണം, ഇൻസ്റ്റിറ്റ്യൂഷണൽ-1 എണ്ണം എന്നിവ) വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങുകയോ ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ സ്ഥാപിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ടി കെട്ടിടങ്ങൾക്കെതിരെ തുടർ നടപടികൾ കൈക്കൊള്ളുന്നതിന് പഞ്ചായത്തിന് ശുപാർശ നൽകിയിട്ടുണ്ട്.

ഇപ്രകാരം യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെയും പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചും നിയമാനുസൃത നികുതി ഒടുക്കാതെയും പ്രവർത്തിച്ചുവരുന്ന മേൽ സ്ഥാപനം 2013-14 മുതലുള്ള അനധികൃത കെട്ടിടങ്ങൾ പോലും നാളിതുവരെ അധികൃതപ്പെടുത്താതെ പ്രവർത്തിച്ചുവരുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്. നിലവിലും മേൽ സ്ഥാപനത്തിൽ നിർമ്മാണങ്ങൾ നടന്നുവരുന്നുണ്ട്. തൊഴിൽ നികുതി റിട്ടേൺ പ്രകാരം എണ്ണൂറ്റി തൊണ്ണൂറ്റി ഏഴ് ജീവനക്കാരും കൂടാതെ വിദ്യാർത്ഥികളും രോഗികളും ദിവസേന എത്തുന്ന മേൽ സ്ഥാപനത്തിന് യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും ഇല്ല എന്നത് സംസ്ഥാനത്തിന്റെ പ്രളയാനന്തര സാഹചര്യത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/18-19 തീയതി 30.10.2019) മറുപടി നൽകിയിട്ടില്ല.

സെക്രട്ടറി,മേൽ അനധികൃത നിർമ്മാണൾക്ക് നികുതി കണക്കാക്കിയ ഫയൽ(പ്ലാൻ,നോട്ട് ഫയൽ

സഹിതം) ലഭ്യമാക്കുകയും മേൽ സ്ഥാപനത്തിൽ നിന്നും അനധികൃത കെട്ടിടത്തിന്റെ നികുതിയിനത്തിലെ കുടിശ്ശിക ഈടാക്കുകയും അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരവും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി നടപടികൾ എടുക്കുകയും ചെയത് ആയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 അനധികൃത ഹോസ്റ്റൽ കെട്ടിടത്തിന് നിശ്ചിത നിരക്കിൽ നികുതി ഈടാക്കിയില്ല, പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം

പഞ്ചായത്തിലെ സഞ്ചയ, അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ എന്നിവ പ്രകാരം ശ്രീ. വി.അനിൽകുമാർ, ചെയർമാൻ & മാനേജിംഗ് ട്രസ്റ്റി, ശ്രീ ആഞ്ജനേയ മെഡിക്കൽ ട്രസ്റ്റ്, മൊടക്കല്ലൂർ (പി.ഒ), എന്നവരുടെ ഉടമസ്ഥതയിലുള്ള 1/1053UA, 1/1054UA, 1/1055UA, 1/1059UA എന്നീ അനധികൃത കെട്ടിട നമ്പർ നൽകിയ സ്വകാര്യ ഹോസ്റ്റൽ കെട്ടിടത്തിനും 1/1056UA എന്ന അനധികൃത നമ്പർ നൽകിയ അപ്പാർട്ട്മെന്റ് കെട്ടിടത്തിനും 2014-15മുതൽ വസ്തുനികുതി ഈടാക്കിവരുന്നുണ്ട്.

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന നികുതിയും സർചാർജ്ജും ചട്ടങ്ങൾ, ചട്ടം 20 ൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം എപ്രകാരമായിരിക്കണം എന്ന് ചുവടെ കൊടുത്തപ്രകാരം നിഷ്കർഷിക്കുന്നുണ്ട്.

ചട്ടം 20(1) - നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫോറം 10 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

ചട്ടം 20(2) – നിയമാനുശ്രുതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത്, അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണ് എന്ന് സൂചിപ്പിക്കുന്ന "യു.എ" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രേഖപ്പടുത്തി നമ്പർ നൽകേണ്ടതാണ്. ഇപ്രകാരം കെട്ടിട നമ്പർ നൽകുന്നത്, 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രം ഉദ്ദേശിച്ചിട്ടുള്ളതും മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഗ്രാമപഞ്ചായത്തോ കെട്ടിട ഉടമയോ പ്രസ്തുത കെട്ടിട നമ്പർ ഉപയോഗപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു. എന്നാൽസർക്കാർ ഉത്തരവ് പ്രകാരം 150 മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് പ്രത്യേക ആവശ്യങ്ങൾക്ക് മാത്രം താൽക്കാലിക റസിഡൻഷ്യൽ നമ്പർ നൽകാവുന്നതാണ്.

ചട്ടം20(3)- നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 235എഎ വകുപ്പ് (1) -ാം ഉപവകുപ്പ് പ്രകാരം- കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ , ഇതിൽ ഏതാണ് ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ

രണ്ട് ഇരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ കെട്ടിട ഉടമ ബാധ്യസ്ഥനായിരിക്കുന്നതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഓരോ കെട്ടിടത്തിന്റെയും ഉടമസ്ഥന് അയയ്ക്കേണ്ടതുമാണ്. അപ്രകാരം വസ്തുനികുതി ചുമത്തുന്നത് മൂലം നിയമാനുസൃതമല്ലാതെയുള്ള കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും ഈ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ നടപടിയെടുക്കുന്നതിന് ഇത് തടസമായിരിക്കുന്നതല്ല എന്നും കെട്ടിടം പൊളിച്ച് മാറ്റുന്നത് വരെ ഇപ്രകാരം വസ്തുനികുതി നൽകാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുമെന്നും ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തേണ്ടതാണ്.

ചട്ടം 20(4)- നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 235 ഡബ്ല്യു വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന്, ഗ്രാമ പഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതുമല്ല.

1) മേൽ ചട്ടപ്രകാരം പ്രസ്തുത അനധികൃത കെട്ടിടങ്ങൾക്ക് 2014-15 ലെ താമസാവശ്യത്തിനുള്ള വസ്തുനികുതി നിരക്കായ 4/- രൂപ തോതിൽ അടിസ്ഥാന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടിയും വസ്തുനികുതിയായി 2014-15 മുതൽ 2018-19 വരെ അടവാക്കി വരുന്നുണ്ട്. എന്നാൽ 24/02/2015 ലെ സ.ഉ.(അ)നം.36/15 ത.സ്വ.ഭ.വ പ്രകാരം തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്, സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയുടെ നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. ഇത് പ്രകാരം അത്തോളി ഗ്രാമപഞ്ചായത്തിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്ക് സഞ്ചയയിൽ ച.മീ ന് 31/- രൂപയാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഇതനുസരിച്ച് മേൽ ഉത്തരവ് പ്രകാരം അനധികൃത കെട്ടിടങ്ങളുടെ നികുതി 2015-16 മുതൽ പുതിയ നിരക്കിലേക്ക് പരിഷ്കരിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ പുതുക്കിയ നികുതി അനധികൃതകെട്ടിടത്തിൽ നിന്നും ഈടാക്കിയിട്ടില്ല.

36/15 ഉത്തരവ് പ്രകാരം ഒരു വർഷം കെട്ടിടത്തിന്റെ ഈടാക്കിയ നികുതിയും ഈടാക്കേണ്ട നികുതിയും ഈയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടവും സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

കെട്ടിടം പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്നതും 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗമുള്ളതുമാണ്.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി (4/- രൂപ നിരക്കിൽ) വഴിയുള്ള 20% വർദ്ധനവും 3 ഇരട്ടിയും ഉൾപ്പെടെ | യഥാർത്ഥത്തിൽ നികുതി കണക്കാക്കേണ്ടത് (31/- രൂപ നിരക്കിൽ)വഴിയുള്ള 20% വർദ്ധനവും 3 ഇരട്ടിയും ഉൾപ്പെടെ , (നിയമാനുസൃത കെട്ടിട നികുതി * 3) | നികുതിയിനത്തിലുണ്ടായ നഷ്ടം |
|---|---|---|---|---|---|
| 1 | 1/1053UA | 1890.65 | 27228+1362 (LC) | (70332*3+ 3517*3) = 210996+10551(LC) | 183768+9189 |
| 2 | 1/1054UA | 2922.66 | 42087+2105 | (108724*3+ | 284085+14203 |

| | | | | | |
|---|---|---|---|---|---|
| | | | (LC) | 5436*3)= 326172+16308 | |
| 3 | 1/1055UA | 7840.43 | 112905+5646 (LC) | (291665*3+ 14584*3) = 874995+43752 | 762090+38106 |
| 4 | 1/1056UA | 1969.29 | 28359+1418 (LC) | (73258*3+ 3663*3)= 219774+10989 | 191415+9571 |
| 5 | 1/1059UA | 4618.82 | 66513+3326 (LC) | (171821*3+ 8591*3)= 515463+25773 | 448950+22447 |
| | | 19241.85 | 277082+13857 | 2147400+107373 | 1870318+ 93516 |

2015-16 മുതൽ ഒരോ വർഷവുമുണ്ടാവുന്ന നികുതി നഷ്ടം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 2015-16 | 1870318+ 93516(LC) |
| 2016-17 | 1870318+ 93516(LC) |
| 2017-18 | 1870318+ 93516(LC) |
| 2018-19 | 1870318+ 93516(LC) |
| ആകെ നഷ്ടം | 7481272+374064(LC) |

നികുതിയിനത്തിൽ പഞ്ചായത്തിന് ഇത്രയും വലിയ തുക നഷ്ടപ്പെടുന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ ശ്രദ്ധയിൽ പെടാഞ്ഞത് ഗുരുതരമായ വീഴ്ചയാണ്. പഞ്ചായത്തിന്റെ ആകെ നികുതി വരുമാനം 2018-19 പ്രകാരം 4680105/-രൂപയായിരിക്കെ അതിന്റെ 41 ശതമാനത്തിലധികം വരുന്ന തുക ഒരു സ്ഥാപനത്തിൽ നിന്നുമാത്രം ഓരോ വർഷവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

മേൽ കെട്ടിടങ്ങൾക്ക് 2014 ഒന്നാം അർദ്ധ വർഷം മുതലാണ് നികുതി ഈടാക്കിയിരിക്കുന്നത്. എന്നാൽ സഞ്ചയ പ്രകാരം അനധികൃത നിർമാണ വർഷമായി 2013-14 എന്നും നികുതി പ്രാബല്യത്തിൽ വന്ന നികുതി 2013-14 എന്നുമാണ് നൽകിയിരിക്കുന്നത്. എന്നാൽ കെട്ടിടത്തിന് 2013-14 ൽ കെട്ടിട നികുതി ഈടാക്കിയിട്ടില്ല.

2)മേൽ കെട്ടിട ഉടമയായ ശ്രീ. വി.അനിൽകുമാർ, ചെയർമാൻ & മാനേജിംഗ് ട്രസ്റ്റി, ശ്രീ. ആഞ്ജനേയ മെഡിക്കൽ ട്രസ്റ്റിന്റ ഉടമസ്ഥതയിൽ മലബാർ മെഡിക്കൽ കോളേജിന്റെയും അനുബന്ധമായ ഹോസ്റ്റലുകളും ഡെന്റൽ കോളേജും നഴ്സിംഗ് കോളേജുകളുമായി പഞ്ചായത്തിൽ നികുതി ഒടുക്കി വരുന്നതായി മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ ഒഴികെ ചുവടെ കൊടുത്ത കെട്ടിടങ്ങളും ഉൾപ്പെടുന്നു.

a)നിയമാനുസൃത കെട്ടിടങ്ങൾ

| കെട്ടിട നം | തരം | വിസ്തീർണ്ണം (ച.മീ) | നികുതി കണക്കാക്കിയ വർഷം |
|---|---|---|---|
| 1/483 | ഹോസ്റ്റൽ | 81 | 2013-14 ന് മുൻപ് |

| | | | |
|---|---|---|---|
| 1/484A | റസിഡൻഷ്യൽ ഫ്ളാറ്റ് | 105.74 | 2017-18 |
| 1/485 മുതൽ 1/488 വരെ | ആശുപത്രി | 3128 | 2013-14 |
| ആകെ | | 3314.74ച.മീ | |

b)അനധികൃത കെട്ടിടങ്ങൾ

| കെട്ടിട നമ്പർ | തരം | വിസ്തീർണ്ണം (ച.മീ) | നികുതി കണക്കാക്കിയ വർഷം |
|---|---|---|---|
| 1/1001UA മുതൽ 1050UA വരെ | ഡെന്റൽ കോളേജ് | 3325.95 | 2013-14 |
| 1/1051UA | ആശുപത്രി | 31727 | 2013-14 |
| 1/1052UA | ആശുപത്രി | 860.32 | 2013-14 |
| 1/1057UA | ഡെന്റൽ കോളേജ് | 7894.53 | 2013-14 |
| 1/1058UA | നഴ്സിംഗ് കോളേജ് | 7085.78 | 2013-14 |
| ആകെ | | **50893.26ച.മീ** | |

മേൽ പട്ടികകളിൽ പരാമർശിച്ചത് പ്രകാരം ശ്രീ. വി.അനിൽകുമാറിന്റെ ഉടമസ്ഥതയിലെ ആശുപത്രി അനുബന്ധ കെട്ടിടങ്ങൾ പഞ്ചായത്ത് നമ്പർ നൽകിയിരിക്കുന്നത് 73448.9ച.മീറ്ററിമാണ്. എന്നാൽ ഇതിൽ 3314.74ച.മീ മാത്രമാണ് നിയമാനുസൃത കെട്ടിടം, ബാക്കി 70134.16ച.മീ. അനധികൃത കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എല്ലാ അനധികൃത കെട്ടിടങ്ങളുടേയും നിർമ്മാണ വർഷമായി 2013-14 ആണ് സഞ്ചയയിൽ നൽകിയിരിക്കുന്നത്. എന്നാൽ 1/1001UA മുതൽ 1050UA വരെയുള്ള 3325.95ച.മീറ്ററിന് മാത്രമാണ് 2013-14 ൽ നികുതി അടവാക്കിയിരിക്കുന്നത്. ബാക്കി എല്ലാ അനധികൃത കെട്ടിടങ്ങൾക്കും 2014-15 മുതലാണ് നികുതി ഈടാക്കിതുടങ്ങിയത്.

അനധികൃത നിർമ്മാണങ്ങൾക്ക് നികുതി കണക്കാക്കിയതുമായി ബന്ധപ്പെട്ട ഒരു പ്ലാനും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ യഥാർത്ഥ അളവുകളെ സംബന്ധിക്കുന്ന പ്ളാനുകൾ പഞ്ചായത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല എന്നത് ഗുരുതരമായ അപാകതയാണ്.

3) കൊയിലാണ്ടി അഗ്നിരക്ഷാനിലയത്തിന്റെ 2/3/2019, 20/06/2019 എന്നീ തീയതികളിലെ കത്ത് യഥാക്രമം സി.നം.57/19-2, സി.നം.57/19-10 എന്നിവ പ്രകാരം മലബാർ മെഡിക്കൽ കോളേജ് കോംമ്പൌണ്ടിലുള്ള ബഹുനില കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള 9 കെട്ടിടങ്ങൾ (റസിഡൻഷ്യൽ-5എണ്ണം, എഡ്യൂക്കേഷൻ -3എണ്ണം, ഇൻസ്റ്റിറ്റ്യൂഷണൽ-1 എണ്ണം എന്നിവ) വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങുകയോ ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ സ്ഥാപിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ടി കെട്ടിടങ്ങൾക്കെതിരെ തുടർ നടപടികൾ കൈക്കൊള്ളുന്നതിന് പഞ്ചായത്തിന് ശുപാർശ നൽകിയിട്ടുണ്ട്.

ഇപ്രകാരം യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെയും പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചും നിയമാനുസൃത നികുതി ഒടുക്കാതെയും പ്രവർത്തിച്ചുവരുന്ന മേൽ സ്ഥാപനം 2013-14 മുതലുള്ള അനധികൃത കെട്ടിടങ്ങൾ പോലും നാളിതുവരെ അധികൃതപ്പെടുത്താതെ പ്രവർത്തിച്ചുവരുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്. നിലവിലും മേൽ സ്ഥാപനത്തിൽ നിർമ്മാണങ്ങൾ നടന്നുവരുന്നുണ്ട്. തൊഴിൽ നികുതി റിട്ടേൺ പ്രകാരം എണ്ണൂറ്റി തൊണ്ണൂറ്റി ഏഴ് ജീവനക്കാരും കൂടാതെ വിദ്യാർത്ഥികളും രോഗികളും ദിവസേന എത്തുന്ന മേൽ

സ്ഥാപനത്തിന് യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും ഇല്ല എന്നത് സംസ്ഥാനത്തിന്റെ പ്രളയാനന്തര സാഹചര്യത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/18-19 തീയതി 30.10.2019) മറുപടി നൽകിയിട്ടില്ല.

സെക്രട്ടറി,മേൽ അനധികൃത നിർമ്മാണൾക്ക് നികുതി കണക്കാക്കിയ ഫയൽ(പ്ലാൻ,നോട്ട് ഫയൽ സഹിതം) ലഭ്യമാക്കുകയും മേൽ സ്ഥാപനത്തിൽ നിന്നും അനധികൃത കെട്ടിടത്തിന്റെ നികുതിയിനത്തിലെ കുടിശ്ശിക ഈടാക്കുകയും അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരവും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി നടപടികൾ എടുക്കുകയും ചെയത് ആയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അയ്യപ്പൻകുഴി വരയാലൻകണ്ടി കുടിവെള്ള പദ്ധതി - ചെയ്യാത്ത പ്രവർത്തിയ്ക്കും തുക നൽകി

നിർവ്വഹണം :- അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ:- 332/19

അടങ്കൽ :- 7,73,000/-വികസനഫണ്ട് എസ്.സി .പി

ചെലവ്:- 7,22,745/-(ബിൽ നമ്പർ 43/18-19/27.12.18)

അടിസ്ഥാനമാക്കിയ ഓഡിറ്റ് ഖണ്ഡിക :- 1-11

മേൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കിണറിന്റെ നിർമ്മാണം നടത്തിയിട്ടുണ്ട്. നിർമ്മാണത്തിന്റെ അളവുകൾ രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്ക് പ്രകാരം ആകെ 4.5 മീറ്റർ ആഴത്തിൽ മണ്ണെടുത്ത്, അതേ ഉയരത്തിൽ സ്റ്റീനിംഗിന്റെ കോൺക്രീറ്റ് പ്രവർത്തി നടത്തിയിരിക്കുന്നു(കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 1-11 കാണുക). എന്നാൽ നിർമ്മാണ സ്ഥലം ഓഡിറ്റ് ടീം നേരിൽ പരിശോധിച്ചപ്പോൾ, നിലവിലുള്ള ഒരു കുളത്തിലാണ് കിണർ നിർമ്മിച്ചതെന്ന് കണ്ടു. എന്നാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിലൊന്നും കിണർ പ്രവർത്തി കുളത്തിലാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. കുളത്തിൽ ഏകദേശം ഒരു മീറ്റർ ആഴത്തിൽ വെള്ളമുണ്ട്. കിണറിന്റെ സ്റ്റീനിംഗ് കുളത്തിലെ വെള്ളത്തിന്റെ നിരപ്പിൽ നിന്നും ഏകദേശം ഒന്നര മീറ്റർ ഉയരത്തിൽ കാണാം. ഇതിൽ നിന്നും കുളത്തിന്റെ അടിത്തട്ടിൽ നിന്നാണ് കിണർ കുഴിച്ചതെന്ന് വ്യക്തമാണ്. പദ്ധതി നിർവ്വഹണത്തിന്റെ ആദ്യഘട്ടത്തിൽ 1.8 മീറ്റർ ആഴത്തിൽ കുളത്തിന്റെ അടിത്തട്ടിൽ നിന്നും മണ്ണെടുത്ത് കിണർ കുഴിക്കുകയും, അതേ ഉയരത്തിൽ സ്റ്റീനിംഗ് നിർമ്മിക്കുകയും ചെയ്തു. പിന്നീട് 2.7 മീറ്റർ ഉയരത്തിൽ/ആഴത്തിൽ സ്റ്റീനിംഗ് പ്രവർത്തി നടന്നത് കുളത്തിന്റെ അടിത്തട്ടിൽ നിന്നും മുകളിലേയ്ക്കാണ്. ഈ സ്റ്റീനിംഗിന്റെ ഭാഗമാണ് കുളത്തിലെ വെള്ളത്തിന്റെ നിരപ്പിൽ നിന്നും ഉയർന്നു നിൽക്കുന്നതായി കാണുന്നത്. ഈ സാഹചര്യത്തിൽ ഫസ്റ്റ് ഡെപ്ത്, സെക്കന്റ് ഡെപ്ത് ലെവലുകളിൽ മണ്ണ് നീക്കം ചെയ്യുന്ന പ്രവർത്തി നടന്നിട്ടില്ല. എന്നാൽ മെഷർമെന്റ് ബുക്ക് പേജ് 18,19,20 എന്നിവയിലായി ഈ ലെവലുകളിൽ മണ്ണ് നീക്കം ചെയ്തതിന്റെ അളവ് രേഖപ്പെടുത്തിയിരിക്കുന്നു.

വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവർത്തി | അളവ് |
|---|---|
| Earth work excavation by mechanical/manual means.......& neatly dressed for first depth after initial depth from 1.8m to 3m | 3.14 x $5.36^2$ /4 x 1.2 =27.06 $m^3$ |
| Earth work excavation by mechanical/manual means.......& neatly dressed for second depth after initial depth from 3m to 4.5m | 3.14 x $5.36^2$ /4 x 1.5 =33.83 $m^3$ |

ഈ രീതിയിൽ ചെയ്യാത്ത പ്രവർത്തിയുടെ അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. നൽകിയ തുക താഴെ ചേർക്കും പ്രകാരമാണ്. (പ്രവർത്തിയുടെ ആദ്യ എസ്റ്റിമേറ്റിൽ ഓരോ ലെവലിലും മണ്ണ് പ്രവർത്തി 29.438$m^3$ വീതമാണുണ്ടായിരുന്നത്. ഈ അളവിൽ നിജപ്പെടുത്തിയാണ് കരാറുകാരന് തുക നൽകിയത്.)

| പ്രവർത്തി | മെഷർമെന്റ് ബുക്കിലെ അളവ് | നൽകിയ തുക | യഥാർത്ഥത്തിൽ ചെയ്തഅളവ്/അർഹമായി തുക | അനർഹമായി നൽകിയ തുക |
|---|---|---|---|---|
| Earth work excavation by mechanical/manual means.......& neatly dressed for first depth after initial depth from 1.8m to 3m | 33.83 $m^3$ (29.438 ൽ ലിമിറ്റ് ചെയ്തു) | 29.438x278.73 = 8205.25 | 6.77$m^3$ 6.77x278.73 =1887 | 6318.25 |
| Earth work excavation by mechanical/manual means.......& neatly dressed for second depth after initial depth from 3m to 4.5m | 33.83 $m^3$ (29.438 ൽ ലിമിറ്റ് ചെയ്തു) | 29.438x339 = 9979.48 | ഈ പ്രവർത്തി നടത്തിയിട്ടില്ല. | 9979.48 |
| ആകെ അധികം നൽകിയത് | | | | 16,297.73 |

മേൽ രീതിയിൽ അധികം നൽകിയ 16,297.73 രൂപ തിരികെ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല.

## 3-2 വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിൽ അപാകത

പ്രൊജക്ട് നം - 67/19.

അടങ്കൽ : 595000 (plan) :950/-(തനത്)

ചെലവ്: 494760/-

ബിൽ നമ്പർ/തീയതി: 11/14.01.2019:434000/-നം.5/23.3.19:60760/-

നിർവ്വഹണം : അസി.സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം 60 വയസ്സിന് മുകളിലുള്ള പട്ടികജാതിയിൽപെട്ട വയോജനങ്ങൾക്കായി കട്ടിൽ വിതരണം നടത്തുന്നതിനായിരുന്നു. പദ്ധതി പ്രകാരം 114 എണ്ണം 4340/- രൂപ നിരക്കിലാണ് 'സിഡ്കോ' യിൽ നിന്നും വാങ്ങിയത്. മുഴുവൻ പേർക്കും വിതരണം ചെയ്തതായാണ് ഓഡിറ്റിൽ വിശദീകരിച്ചത്. എന്നാൽ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 113 പേർക്ക് മാത്രമേ വിതരണം ചെയ്തിരുന്നുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ (11/30.10.19) ഓഡിറ്റ് എൻക്വയറിയിലും വിശദീകരണം നൽകാൻ സാധിച്ചിരുന്നില്ല.

ആയതിനാൽ കുറവ് വന്ന കട്ടിലിന്റെ വിലയായ 4340/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ തിരിച്ചടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,90,000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,90,000 | -- |
| | | 4,68,358 | ലൈഫ് ജനറൽ | 4,68,358 | |
| | | 2,00,000 | പാലിയേറ്റീവ് | 2,00,000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,96,175 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,96,175 | -- |

| | | | | |
|---|---|---|---|---|
| | 3,55,485 | ലൈഫ് ജനറൽ | 3,55,000 | 485 |
| | 50,000 | പാലിന് സബ്സിഡി | 50,000 | -- |
| | 54,000 | നെൽകൃഷി കൂലിചെലവ് | 54,000 | -- |
| | 1,25,000 | മുട്ടഗ്രാമം | 1,25,000 | -- |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കുഴൽ കിണ്ണ | 21801189 ചെക്ക് നം. 16598 | 42740 | -- | 42740 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ലൈഫ് പദ്ധതിയ്ക്കായി തൻവർഷം 23,43,540 രൂപ വായ്പയെടുത്തിട്ടുണ്ട്. ഇതിൽ 23,16,642 രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. തൻവർഷം തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 46,09,420 |
| തൻവർഷം നിക്ഷേപിച്ച തുക | 1235792 |
| ആകെ | 58,45,212 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 58,45,212 |

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ 5401740 രൂപയാണ് വർഷാവസാനം ശേഷിക്കുന്ന

തുകയായി ഉൾപ്പെടുത്തിയത്. 2017-18 വാർഷിക കണക്കിൽ ഇത് 4609420 രൂപയെന്ന് രേഖപ്പെടുത്തിയത് വിശദമാക്കാനും മുൻറിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ മുൻ റിപ്പോർട്ട് ഖണ്ഡികയിലെ ക്രമനമ്പർ 6 മുതൽ 10 വരെയായി ഉൾപ്പെടുത്തിയിരുന്ന നിക്ഷേപങ്ങൾ പിൻവലിച്ച് 31.03.2018 ന് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. ഇതുൾപ്പെടെയുള്ള ആകെ തുകയാണ് മുൻവർഷ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയത്.

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | പൂർത്തീകരിക്കുന്ന തിയ്യതി | തുക |
|---|---|---|---|---|
| 1 | അത്തോളി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 22.10.18 | 22.10.19 | 5,00,000 |
| 2 | | 12.05.2018 | 30.04.19 | 10,14,384 |
| 3 | | 16.06.17 | 13.12.19 | 28,26,203 |
| 4 | | 30.03.19 | 01.04.2020 | 5,00,000 |
| 5 | കെ ഡി സി ബാങ്ക് അത്തോളി | 05.04.18 | 05.06.19 | 749498 |
| 6 | | 30.09.19 | 30.09.19 | 218500 |
| 7 | | 26.08.18 | 26.08.19 | 36627 |
| ആകെ | | | | 58,45,212 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10,954/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | 10,954/- | കെ.ബാലൻ, സെക്രട്ടറി | 118030102445/11.09.2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ഓഡിറ്റ് വർഷം** | **ഖണ്ഡിക** | **സമാഹൃത റിപ്പോർട്ട് വർഷം** | **ഖണ്ഡിക** | **വിഷയം** |
|---|---|---|---|---|
| 2001-02 | - | 2004-05 | 11.1.3.43 പൊതുപരാമർശം | നികുതി പിരിവിൽ അലംഭാവം |
| 2004-05 | 2-2 | 2006-07 | 3-79.1.6 പൊതുപരാമർശം | ഗ്രാമപഞ്ചായത്തുകൾ, കെട്ടിട നികുതി, തൊഴിൽനികുതി, തനത് വരവ് യഥാസമയം |

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| | | | | പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. |
| 2004-05 | 2-4 | 2006- 07 | 3-79.3.3.102 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് – അപാകതകൾ |
| 2004-05 | 4-1 | 2006-07 | 3-79.4.1.103 പൊതുപരാമർശം | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായവും ക്യാഷ്ബുക്കും മറ്റും ശരിയായ വിധം എഴുതുന്നില്ല. |
| 2004-05 | 3-6 | 2006-07 | 3-79.16.4.112 പൊതുപരാമർശം | സർക്കാർ നിർദ്ദേശങ്ങൾ, ചട്ടങ്ങൾ/സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നില്ല. |
| 2004-05 | 3-2 | 2006-07 | 3-79.18.5.116 പൊതുപരാമർശം | ആരംഭിച്ച കുടിവെള്ള പദ്ധതി പൂർത്തിയാക്കിയില്ല/ഉപേക്ഷിച്ചു |
| 2004-05 | 3-12 | 2006-07 | 3-79.19.12.120 പൊതുപരാമർശം | മരാമത്ത് പ്രവൃത്തികൾ, നിരക്ക് അധികം നൽകുന്നത്/അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം |
| 2003-04 മുതൽ 2007-08 വരെ | | 2011-12 | 3.1.12.62 | ജലസേചന പദ്ധതികൾക്ക് വിനിയോഗിച്ച തുക പാഴായി |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4, 187 | തൊഴിൽ നികുതി അപാകതകൾ |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,20,82,020 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,12,56,262 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20,638/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1575,000/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | റിമാർക്സ് |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | | 16,298/- | ശ്രീമതി.ഷീജ.സി., അസിസ്റ്റന്റ് എഞ്ചിനീയർ | തെറ്റായ മെഷർമെന്റ് രേഖപ്പെടുത്തിയ എഞ്ചിനീയർ |
| 3-2 | | 4,340/- | ശ്രീ.ജിഷിത്ത്.ആർ, അസിസ്റ്റന്റ് സെക്രട്ടറി. | കൈപ്പറ്റ് രേഖയിൽ ഇല്ലാത്തത്. |

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 200000/- | ശ്രീ വിജയൻ. എം വി ,ഹെഡ്മാസ്റ്റർ. |
| 1-24 | 1300000/- | ശ്രീ വിജയൻ. എം വി, ഹെഡ്മാസ്റ്റർ. |
| 1-26 | 75000/- | ശ്രീ.ജിഷിത്ത്. ആർ ,അസിസ്റ്റന്റെ് സെക്രട്ടറി. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

-ഇല്ല-

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

-ഇല്ല-

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.ഷീജ.സി. അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | നൂപുരം<br>അരിയാട്ട്, വി.കെ.റോഡ്<br>തലക്കുളത്തൂർ.പി.ഒ.<br>കോഴിക്കോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.1/1571/08 തി.03.12.08 | 3<br>(29(1), 23,41) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി1. 1572/08 തി.03.12.08 | 8<br>(23,24,25(6,7,8,9,10) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി1. 1573/08 തി.03.12.08 | 5<br>(21,22,23,27,29) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി1. 1574/08. തി.03.12.08 | 13<br>(3-2,3-8,3-12,3-13, 3-14,3-16,3-17,3-18, 3-20,3-21,3-22,3-23, 3-24) |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1. 1253/08 തി.05.12.08. | 9<br>(2-1,2-2,3-1,3-2, 3-6,3-7,3-12,3-13, 4-1) |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി1/541/08 തി. 11.7.08 | 10<br>(2-1,3-1,3-2, 3-3,3-4,3-5, 3-7, 3-8, 3-9, 4-4) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി1/1046/08 തി.14.10.08. | 10<br>(1ബി,1ഇ, 2-1,3-2,3-3, 3-4,3-5, 3-7,4-1,4-4) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി1. 1175/09 തി.03.11.09 | 29<br>(1എ, 1ബി,1ഇ, 2-2,2-6,2-8, 2-10, 3-1, 3-2,3-3,3-4, 3-6, 3-7, 3-13, 3-14, 3-15, 3-16, 3-17, 3-19, 3-20, 3-21, 3-23, 3-24, 3-25,3-26, 3-28,3-29,3-31,4-1) |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി10. 1304/10 തി.04.11.2011 | 28 (2-1,2-2,2-7(ബി), 2-8,2-9,2-10,2-11,2-12, 2-13, 2-14,3-6,3-7,3-8,3-9, 3-10, 3-12, 3-13, 3-14, 3-15,3-16, 3-17, 3-18, 3-19,3-20, 3-22,3-23, 3-25 (1,2,3), 4-3 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.13.65/14 തി.11.2.14 | 19 (2-2(1 to 4), 2-3(1,2), 2-4, 3-2, 3-4,3-5,3-6, 3-7,3-9,3-10, 3-11, 3-12(2), 3-13(1,2), 3-14, 3-15, 4-3,4-6) |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി13.467/13 തി.1.02.13 | 20 (2-2,2-3,2-4, 3-2,3-3,3-5,3-6,3-7, 3-8,3-9,3-10, 3-11,3-12, 3-13, 3-14, 3-15, 3-16, 3-18, 3-19, 3-20) |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി/പി13/512/14. തി.7.6.2014 | 17 (2-3(1), 3-1,3-2,3-3 3-4, 3-5, 3-6,3-7,3-9, 3-10, 3-11,3-12, 3-15,3-16, 3-17, 4(1,2), 4-6) |
| 2013-14 2014-15 | കെ എസ് എ/കെ കെ ഡി/പി13 /1368/2016 തീയതി-8.9.2016 | 11 (2-1(2), 2-2, 3-1, 3-2, 3-4, 3-5, 3-7, 3-8, 3-9,3-10, 3-13) |
| 2015-16 | കെ എസ് എ/കെ കെ ഡി/പി13 /1858/2017 തീയതി-03.01.2018 | 11 (2-1(1), 2-1(3),2-1(4), 2-2,2-5,,2-6, 3-1,3-2,3-6, 3-11,3-13) |
| 2016-17 | കെ എസ് എ/കെ കെ ഡി/പി13 /2338/2017 തീയതി-03.01.2018 | 11 (2-1 മുതൽ 2-5 വരെ, 2-7,2-9,3-2,3-5,3-6,3-7) |
| 2017-18 | കെ എസ് എ/കെ കെ ഡി/പി13 /2701/2017 തീയതി- 11.12.2019 | 26 1-10, 1-12, 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 4-5, 4-10 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം.1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക കാണുക) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ

വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്